3

# ഒനേസിമോസിനു വേണ്ടിയുള്ള പൗലൊസിന്റെ അപേക്ഷ

## (ഫിലെമോൻ 8- 20)

പ്രയാസമുള്ള ചർച്ചക്ക് ഫിലെമോൻ തയ്യാറായപ്പോൾ, പൗലൊസ് ആവശ്യത്തിലേക്ക് കടന്നു. പിന്നെ പറയുന്നതിനെ "ക്രിസ്തീയ പ്രേരണയുടെ ഒരു മാസ്റ്റർ പീസ്" ആണെന്നു പറയാം. ക്രിസ്തുവിനെ പോലെ ഉറപ്പോടും സൗമ്യതയോടും കൂടെയാണ് പൗലൊസ് ഫിലെമോനോട് ശരിയായതു ചെയ്യുവാൻ ആവശ്യപ്പെട്ടത്. ദൈർഘ്യമേറിയതും സങ്കീർണ്ണവുമായ വാചകമാണ് ഗ്രീക്കിൽ വാക്യം 8 മുതൽ 14 വരെ.

8, 9

**8ആകയാൽ യുക്തമായത് നിന്നോട് കൽപിപ്പാൻ ക്രിസ്തുവിൽ എനിക്ക് വളരെ ധൈര്യം ഉണ്ടെങ്കിലും, 9പൗലൊസ് എന്ന വയസനും ഇപ്പോൾ ക്രിസ്തുയേശുവിന്റെ ബദ്ധനും ആയിരിക്കുന്ന ഈ ഞാൻ സ്നേഹം നിമിത്തം അപേക്ഷിക്കുകയത്രേ ചെയ്യുന്നത്.**

**വാക്യം 8. ആകയാൽ** (*ഡിയോ*) വിരൽ ചൂണ്ടുന്നത് മുൻപ് പറഞ്ഞ പ്രാർത്ഥനയിലേക്കും വന്ദനത്തിലേക്കുമാണ് കാരണം തുടർന്നുള്ള വാദം അതിന്റെ അടിസ്ഥാനത്തിലാണ് (വാ. 10). പൗലൊസിന്റെ പ്രത്യേക ആവശ്യത്തിന്റെ സ്വഭാവവും (വാ. 17) ഒനേസിമോസിന്റെ പേരോ ഇതുവരെ പറഞ്ഞിട്ടില്ല. **എനിക്ക് വളരെ ധൈര്യം ഉണ്ടെങ്കിലും,** എന്നത് പൗലൊസ് പറയുവാൻ പോകുന്നതിന്റെ ഗൗരവവും, ബഹുമാനത്തോടെയുള്ള ആവശ്യമുന്നയിക്കലും തമ്മിലുള്ള സമതുലനാവസ്ഥ കാണിക്കുന്നതാണ്. പൗലൊസിന് അപ്പൊസ്തലിക അധികാരമുണ്ടായിരുന്നു, എന്നാൽ ഈ സന്ദർഭത്തിൽ അത് ഉപയോഗിക്കാതെ അപേക്ഷിക്കുകയായിരുന്നു. ആ യാഥാർത്ഥ്യത്തെ സൗമ്യതയോടെ പറയുന്നതാണ് "മതിയായ ധൈര്യം." ഈ ലേഖനത്തിലെ എല്ലാ ബന്ധങ്ങളുടേയും അടിസ്ഥാനമായിട്ടാണ് **ക്രിസ്തുവിൽ** എന്നു പറഞ്ഞിരിക്കുന്നത്. ക്രിസ്തു ആയിരുന്നു പുതിയ യാഥാർത്ഥ്യം (ഗലാ. 3:28; 2 കൊ. 5:17). ലോകനിലവാരമനുസരിച്ച് ഫിലെമോൻ പൗലൊസിനേക്കാൾ വലിയവനായിരുന്നു കാരണം അവൻ ധനികനായിരുന്നു, തടവിലുമായിരുന്നില്ല. എങ്ങനെയായാലും, അത്തരം വേർതിരിവ് ക്രിസ്തുവിൽ കാര്യമല്ല. ധൈര്യമില്ലാത്ത സമീപനമായിരുന്നില്ല പൗലൊസിന്റേത്. പകരം, അത് ക്രിസ്തുവിന്റെ ഉറപ്പിന്റെ അടിസ്ഥാനത്തിലുള്ളതായിരുന്നു.

**നിന്നോട് കൽപിപ്പാൻ** എന്നത് ഗ്രീക്കിൽനിന്ന് തർജിമ ചെയ്തിരിക്കുന്ന ക്രിയ *എപിടാസോ* എന്ന വാക്കിന്റെ അർത്ഥം, "അധികാരത്തോടെ കൽപിക്കുക" എന്നാണ്.[1] ഒരു യുവാവിൽനിന്നു ഭൂതത്തെ പുറത്താക്കിയപ്പോൾ, യേശു ആ വാക്ക് ഉപയോഗിച്ചിരുന്നു (മർ. 9:25). ദുരാത്മാക്കളെ പുറത്താ

ക്കുവാനുള്ള യേശുവിന്റെ കഴിവിൽ അതിശയിച്ചപ്പോഴും (മർ. 1:27) കടലിനെ ശാസിച്ചപ്പോഴും (ലൂക്കൊ. 8:25) ശിഷ്യന്മാരും ആ വാക്ക് ഉപയോഗിച്ചു. ഇവിടെ ഉപയോഗിച്ചതൊഴിച്ചാൽ, തന്റെ ലേഖനങ്ങളിൽ മറ്റൊരു ഭാഗത്തും പൗലൊസ് ആ വാക്ക് ഉപയോഗിച്ചിട്ടില്ല, ഇവിടെ അവൻ ഫിലെമോനോട് ചെയ്യുവാനുള്ളത് കൽപിക്കുകയായിരുന്നില്ല എന്നതാണ് പ്രത്യേകത. സാധാരണ പൗലൊസ് നിർദ്ദേശങ്ങൾ നൽകുന്നത് നേരിട്ടായിരുന്നു, പക്ഷെ ഈ അവസരത്തിൽ അവന്റെ കാഴ്ച്ചപ്പാട് "കടുങ്കൈ പ്രവർത്തിക്കുന്നവനെ" പോലെ ആയിരുന്നു എന്നു തോന്നുന്നു. അപ്പൻ മകനോട് എന്ന പോലെയോ, ഉടമസ്ഥൻ ജോലി ചെയ്യുന്നവനോട് എന്ന പോലെയോ, അല്ലെങ്കിൽ യജമാനൻ ദാസനോട് എന്ന പോലെയോ അല്ല, മറിച്ച് ഒരു സഹോദരൻ മറ്റൊരു സഹോദരനോട് എന്നപോലെയാണ് സംസാരിച്ചത്.

**യുക്തമായത് ചെയ്യുവാൻ** എന്ന പ്രയോഗം ഇന്നത്തെ പ്രയോഗമനുസരിച്ച് "ശരിയായത് ചെയ്യുക!" എന്നായിരിക്കും. ഒനേസിമോസിന്റെ കാര്യത്തിൽ, ശരിയായത് ചെയ്യുവാൻ ഫിലെമോനോട് പറയുവാൻ മതിയായ കാരണങ്ങളുണ്ടായിരുന്നു. ചെയ്യുവാനുള്ള കാര്യം ഫിലെമോൻ തനിക്കു വേണ്ടിയായിരുന്നു ചെയ്യേണ്ടിയിരുന്നത്.

**വാക്യം 9. സ്നേഹം നിമിത്തം** എന്നത് പൗലൊസ് മുൻപ് ഫിലെമോനെ കുറിച്ച് പറഞ്ഞത് ഉറപ്പിക്കുകയായിരുന്നു (വാ. 5, 7). ക്രിസ്തീയ വിശ്വാസത്തിന്റെ മുഖ്യ ധർമ്മവും, അതിനെ നിർവ്വചിക്കാവുന്ന സ്വഭാവവും സ്നേഹമാണ് (മത്താ. 22:37-40; യോഹ. 13:34, 35; 1 കൊ. 13). പൗലൊസ് ഫിലെമോനോട് അപേക്ഷിക്കുവാനുള്ള അടിസ്ഥാനം കൽപനയായിരുന്നില്ല, സ്നേഹം ആയിരുന്നു. വാക്യം 9 ലെ ഈ ഭാഗം "[ഫിലെമോന്റെ] ലേഖനത്തിന്റെ മുഴുവൻ തലവാചകം ആയി കണക്കാക്കാം" എന്നാണ് മാർക്കസ് ബാർത്തും ഹെൽമട്ട് ബ്ലാങ്കും പറഞ്ഞത്.[2]

**ഞാൻ നിന്നോട് അപേക്ഷിക്കയത്രെ** എന്നത് തർജിമ ചെയ്തിരിക്കുന്ന ഗ്രീക്ക് ക്രിയ *പാരാകലെയോ* ആണ്. ഒരു പെരുമാറ്റമോ അല്ലെങ്കിൽ പ്രതികരണമോ പ്രതീക്ഷിച്ച് പൗലൊസ് അപേക്ഷിക്കുവാനായി ഉപയോഗിക്കുന്ന പ്രത്യേക വാക്കാണ് അത് (റോമർ 12:1; 1 കൊ. 1:10; എഫെ. 4:1; ഫിലി. 4:2). "കൽപന" ക്ക് വിപരീതമായാണ് ഇവിടെ അപേക്ഷിക്കുന്നത് (വാ. 8), അത് അപ്പൊസ്തലൻ സാധാരണ ഉപയോഗിക്കാത്തതാണ്.

ആ അപേക്ഷയുടെ അടിസ്ഥാനം നൽകപ്പെട്ടിരിക്കുന്നു: **ഞാൻ പൗലൊസ് എന്ന വയസൻ ആകയാൽ**. ആ പ്രത്യേകമായ അപേക്ഷ പൗലൊസ് ഇതുവരെ എന്താണെന്ന് ഫിലെമോനോട് പറഞ്ഞില്ല; ലേഖനത്തിലെ ഏറ്റവും ശക്തമായ ഭാഗം അടുത്തതാണ്. പ്രയാസമുള്ള ഒരു പ്രസ്താവന നൽകുന്നതിന് മുൻപ് ഒരു ദീർഘ നിശ്വാസത്തോടെ പൗലൊസ് തന്റെ അവസ്ഥയെ ഓർപ്പിച്ചു അവസാനനിമിഷത്തിനായി കാത്തിരുന്നു.[3]

**വയസനായ** എന്ന വാക്ക് തർജിമ ചെയ്തിരിക്കുന്നത് (എൻഏഎസ്ബി; കെജെവി) അല്ലെങ്കിൽ "ഒരു വൃദ്ധൻ" (എൻഐവി; എൻആർഎസ്വി). ആർ എസ് വിയിലും എൻഈബിയിലും "സ്ഥാനാപതി" എന്നാണ്. "സ്ഥാനാപതി" എന്ന വാക്ക് തിരഞ്ഞെടുത്തതിനെ ബാർത്തും ബ്ലാങ്കും പിന്താങ്ങുന്നുവെങ്കിലും, അതിനെ "വയസനായ" എന്നതുമായി തുല്യപ്പെടുത്തുന്നത് "വൈകാരികമായ പരസ്യാപഹരണം" തന്നെയാണ്.[4] രണ്ട് തർജിമകൾക്കും സാധ്യത ഉണ്ടെങ്കിലും, "വയസനായ" എന്നതു ഒരു കൗശല പ്രയോഗമായി കാണുവാൻ

കഴിയുകയില്ല. കൂടാതെ, ഫിലെമോനോട് പൗലൊസ് അപ്പൊസ്തലികമായ അധികാരം ഉപയോഗിക്കുന്നില്ല എന്നു പറഞ്ഞിരിക്കയാൽ, "സ്ഥാനാപതി" എന്ന വാക്ക് ഇവിടെ യോജിക്കുകയില്ല എന്നു തോന്നുന്നു. "പൗലൊസ് എന്ന വയസൻ" എന്നു അപ്പൊസ്തലൻ പറഞ്ഞപ്പോൾ, അവന് അമ്പതു വയസിനോ അല്ലെങ്കിൽ അറുപതു വയസിനോ മുകളിൽ പ്രായം ഉണ്ടായിരുന്നു. സഹതാപം പിടിച്ചുപറ്റുന്നതിനോ അല്ലെങ്കിൽ പരിതാപത്തിനോ പകരം, പ്രീതിപ്പെടുത്തുന്നതിനായിരിക്കാം, **ക്രിസ്തുയേശുവിന്റെ ബദ്ധൻ** എന്നത് വാക്യം ഒന്നിൽ അപ്പൊസ്തലനെ തടവുകാരനായി പറഞ്ഞിരിക്കുന്നതുപോലെയാണ്, പറഞ്ഞത്. ഈ അവസരത്തിൽ പൗലൊസ് ഉപയോഗിച്ച അധികാരം, പ്രായം, സ്നേഹം, കഷ്ടത എന്നിവയിൽനിന്നു രൂപപ്പെട്ടതാണ്. തന്റെ അധികാരത്തിന്റെ അടിസ്ഥാനത്തിൽ ഇതിനേക്കാൾ നല്ല രീതിയിൽ അവനോട് കൽപന കൂടാതെ അപേക്ഷിക്കുവാൻ കഴിയുമോ?

**10-14**

**[10]തടവിൽ ഇരിക്കുമ്പോൾ ഞാൻ ജനിപ്പിച്ച എന്റെ മകനായ ഒനേസിമോസിന്ന് വേണ്ടി ആകുന്നു നിന്നോട് അപേക്ഷിക്കുന്നത്. [11]അവൻ നിനക്ക് മുൻപേ പ്രയോജനമില്ലാത്തവൻ ആയിരുന്നു, ഇപ്പോൾ എനിക്കും നിനക്കും നല്ല പ്രയോജനമുള്ളവൻ തന്നെ. [12]എനിക്ക് പ്രാണപ്രിയനായ അവനെ ഞാൻ മടക്കി അയച്ചിരിക്കുന്നു.[13]സുവിശേഷം നിമിത്തമുള്ള തടവിൽ എന്നെ ശുശ്രൂഷിക്കേണ്ടതിന്ന് അവനെ നിനക്കു പകരം എന്റെ അടുക്കൽ തന്നെ നിർത്തിക്കൊൾവാൻ എനിക്ക് ആഗ്രഹമുണ്ടായിരുന്നു. [14]എങ്കിലും നിന്റെ ഗുണം നിർബ്ബന്ധത്താൽ എന്നപോലെ അല്ല, മനസോടെ ആകേണ്ടതിന്ന് നിന്റെ സമ്മതം കൂടാതെ ഒന്നും ചെയ്യുവാൻ എനിക്ക് മനസില്ലായിരുന്നു.**

**വാക്യം 10**. ഞാൻ നിന്നോട് അപേക്ഷിക്കുന്നു എന്നത് ഗ്രീക്കിൽ ആവർത്തിച്ചു പറഞ്ഞിരിക്കുകയാണ്. **കാരണം** എന്നത് ഗ്രീക്ക് പ്രിപൊസിഷൻ *പെരി* എന്ന വാക്കാണ്. അതിന്റെ ഓബ്ജറ്റ് സംബന്ധികാ വിഭക്തിയാകുമ്പോൾ, ടൗ എമൗ, കെക്നൗ, ടെക്നൗ ആണ്, ഇവിടെത്തെ അതിന്റെ അർത്ഥം, "കുറിച്ച്," അല്ലെങ്കിൽ "സംബന്ധിച്ച്" എന്നിങ്ങനെയാണ്, അല്ലെങ്കിൽ പൗലൊസ് ഫിലെമോനോട് അപേക്ഷിക്കുന്നത് ഇതുവരെയും പേർ പറയാത്ത വ്യക്തിക്കു വേണ്ടിയായിരുന്നു. ഒനേസിമോസിനെ പൗലൊസ് വിശ്വാസത്തിൽ തന്റെ, മകൻ എന്നാണ് പറഞ്ഞത്. തന്റെ ശുശ്രൂഷയുടെ ഭാഗമായി ക്രിസ്ത്യാനികളായി തീർന്നവരെയാണ് **എന്റെ മകൻ** എന്ന് പൗലൊസ് സംബോധന ചെയ്തത് (1 കൊ. 4:14-17; ഗലാ. 4:19; 2 തിമൊ. 1:2).

ഗ്രീക്കിൽ ഈ വാക്യത്തിന്റെ അവസാന വാക്ക് വരുന്നതുവരെ **ഒനേസിമോസ്** എന്ന പേർ വരുന്നില്ല. ഇംഗ്ലീഷ് തർജിമകളിൽ "എന്റെ മകൻ" എന്നു പറഞ്ഞശേഷം മദ്ധ്യത്തിൽ ഉപയോഗിച്ചിരിക്കുന്ന പേർ വാക്കുകളുടെ ക്രമം അനുസരിച്ചു സംഘർഷം കുറക്കുകയാണ്. ലേഖനത്തിൽ പൗലൊസ് ഒനേസിമോസിന്റെ പേർ പറയുന്നതിനു മുൻപ് ധാരാളം വാക്കുകൾ ഉപയോഗിച്ചു കഴിഞ്ഞിരുന്നു (വാ. 1-10). ഇത് നമ്മെ ഉല്പത്തി 22:2 ൽ യിസഹാക്ക് എന്ന് പേർ പറയുവാനും ഇങ്ങനെ താമസിച്ചതാണ് നമുക്ക് ഓർമ്മ വരുന്നത്. "ഒനേസിമോസ്" എന്നതിന്റെ അക്ഷരികമായി അർത്ഥം "പ്രയോജനം ഉള്ളവൻ" എന്നാണ്. സ്വതന്ത്രർക്ക് ഇട്ടിരുന്നുവെങ്കിലും സാധാരണ അടിമകൾക്കാണ്

ആ പേർ യോജിച്ചിരുന്നത്.

**ഞാൻ തടവിൽ വെച്ച് ജനിപ്പിച്ച** എന്നതിൽ നിറയെ വൈപരീത്യം ഉള്ളതായി തോന്നിയേക്കാം. തന്റെ തടവിനെ കുറിച്ച് പൗലൊസ് ഈ ലേഖനത്തിൽ മൂന്നാമത്തെ പ്രാവശ്യമാണ് പറയുന്നത് (വാ. 1, 9). ആ വാക്കിന് ഇവിടെ അക്ഷരികമായ അർത്ഥം "ബന്ധനം," "പ്രതിബന്ധം" എന്നത് ആരെങ്കിലും രക്ഷപ്പെടാതിരിക്കുന്നതിന് സൂക്ഷിക്കുന്നതായി സൂചിപ്പിക്കുന്നു. തടവിലായാലും (പ്രവൃ. 28:30, 31 ൽ പറഞ്ഞ വീട്ടു തടങ്കലിലായാലും), പൗലൊസ് ആത്മിയമായി ഒരു ശിശുവിന്റെ അപ്പനായി മാറിയിരുന്നു. ദൈവരാജ്യത്തിന്റെ വ്യാപ്തി തടയുവാൻ തടവിനും കഴിഞ്ഞിരുന്നില്ല. ഒരിക്കൽ കൂടെ, ക്രിസ്തുവിനെ പ്രസംഗിക്കുന്നത് പൗലൊസിനെ വിലക്കിയപ്പോൾ, അത് "എനിക്ക് സംഭവിച്ചത് സുവിശേഷത്തിന്റെ അഭിവൃദ്ധിക്ക് കാരണമായി തീർന്നു" (ഫിലി. 1:12). ജെ. ബി.ഫിലിപ്സിന്റെ തർജിമ ഈ വാക്യത്തെ കൂടുതൽ തൃപ്തിപ്പെടുത്തുന്ന പ്രയോഗമാണെന്ന് തോന്നുന്നു: "ഞാൻ എന്റെ മകനു വേണ്ടിയാണ് അപേക്ഷിക്കുന്നത്. ഞാൻ, ബന്ധനത്തിലും പൂട്ടിലും ആയിരുന്നുവെങ്കിലും അപ്പനായി തീർന്നു-അവന്റെ പേരാണ് ഒനേസിമോസ്!"

**വാക്യം 11. അവൻ മുൻപ് നിനക്ക് പ്രയോജനമില്ലാത്തവൻ ആയിരുന്നു വെങ്കിലും ഇപ്പോൾ പ്രയോജനമുള്ളവൻ തന്നെ.** "പ്രയോജനമുള്ളവൻ" എന്നുള്ള അവന്റെ പേരിനെ ഉപയോഗിച്ച് അവൻ വാക്കുകൾകൊണ്ട് പന്താടുകയായിരുന്നു എന്നു പറയാം. മുൻപത്തെ അവന്റെ അലസതയും, മോഷണവും, ഒളിച്ചോടലും (വാ. 18) നിമിത്തം ആയിരിക്കാം മുൻപ് പ്രയോജനമില്ലാത്തവൻ എന്നു പറഞ്ഞത്. എങ്ങനെയായാലും, ഒരിക്കൽ അവൻ പ്രയോജനം ഇല്ലാത്ത *അക്രെസ്റ്റോസ്* ആയിരുന്നു എങ്കിലും, ഇപ്പോൾ അവൻ *യുക്രെസ്റ്റോസ്* ആയി. **എനിക്കും നിനക്കും** എന്നത് മറ്റൊരു സൗമ്യ സമീപനമായിരുന്നു, തടവിലായിരുന്നു പൗലൊസിനെ ഒനേസിമോസ് ശുശ്രൂഷിച്ചതിനാൽ അവൻ പ്രയോജനമുള്ളവനായി മാറിയിരുന്നു. ഫിലെമോൻ ഒനേസിമോസിനെ റോമിലേക്ക് തിരിച്ചയക്കുവാനും അങ്ങനെ തടവിലായിരുന്ന പൗലൊസിനെ അവൻ ശുശ്രൂഷിക്കുമെന്നുമായിരുന്നു ലേഖനത്തിൽ അവൻ ആഗ്രഹിച്ചതെന്നാണ് പല വ്യാഖ്യാതാക്കളും കരുതുന്നത്. അത് അങ്ങനെ ആണെങ്കിലും അല്ലെങ്കിലും, ഒനേസിമോസ് ഫിലെമോന്റെ വീട് വിട്ടുപോയപ്പോഴത്തെ ആളല്ല ഇപ്പോൾ, അവൻ രൂപാന്തരപ്പെട്ടിരിക്കുന്നു എന്നാണ് പൗലൊസ് വ്യക്തമാക്കിയത്.

**വാക്യം 12.** ഒളിച്ചോടിപ്പോയ ദാസനെ പരിചയപ്പെടുത്തിക്കൊണ്ടാണ് **ഞാൻ അവനെ നിന്റെ അടുക്കലേക്ക് തിരിച്ചയക്കുന്നു** എന്നു പ്രസ്താവിച്ചത്. ഒരിക്കലും തിരിച്ചുവരുവാൻ ഉദ്ദേശിച്ചിട്ടല്ല ഒനേസിമോസ് ഓടിപ്പോയത് എന്ന ആശയമാണ് പൊതുവിൽ കരുതപ്പെട്ടിരുന്നത്. അങ്ങനെ ആണെങ്കിൽ, തിരിച്ചു ചെല്ലുകയോ പിടിക്കപ്പെടുകയോ ചെയ്താൽ കഠിന ശിക്ഷക്ക് പാത്രമാകും എന്ന അപകടം ആയിരുന്നു നിലനിന്നിരുന്നത്.

> ഓടിപ്പോയ ദാസന് വലിയ പിഴ ചുമത്തുകയോ, ക്രൂരസ്വഭാവമുള്ള മറ്റു യജമാനന്നു ചിലപ്പോൾ വിൽക്കുകയോ, മറ്റു സന്ദർഭങ്ങളിൽ പല മടങ്ങായി പിന്നിയ ചാട്ടവാറുകൾ കൊണ്ടോ അല്ലെങ്കിൽ ലോഹങ്ങൾ തുന്നിപ്പിടിപ്പിച്ച ചാട്ടവാറുകൾകൊണ്ട് അടിപ്പിക്കും, അതല്ലെങ്കിൽ വന്യമൃഗങ്ങൾക്ക് എറിഞ്ഞുകൊടുക്കും, അല്ലെങ്കിൽ ക്രൂശിൽ തറെച്ചു കൊല്ലി

ക്കുകയോ ചെയ്യും....[6]

ഒനേസിമോസ് ദാസ്യത്തിൽനിന്ന് ഓടി പോയിരുന്നതല്ല എന്ന ഒരു സാധ്യതയെ കുറിച്ച് ജെയിംസ് ഡി. ജി. ഡൺ ചൂണ്ടിക്കാണിച്ചിരിക്കുന്നു, എന്നാൽ അത് ദാസനും യജമാനനും തമ്മിലുള്ള തർക്കം പരിഹരിക്കുന്നതിന് തന്റെ യജമാനന്റെ പരിശീലകനായ "മൂന്നാമത് ഒരു വ്യക്തിയുടെ സഹായം തേടിയതായിരുന്നു" എന്ന ഒരു ചിന്തയാണ്.[7] കാര്യം അങ്ങനെയാണെങ്കിലും, ഒനേസിമോസ് നിയമപരമായി അപ്പോഴും ഒരു ദാസൻ തന്നെയാണ്. അവൻ ഫിലെമോന്റെ വീട്ടിൽനിന്നു തുടർച്ചയായി മാറി നിന്നത് നിയമവിരുദ്ധമായിരുന്നു, റോമൻ നിയമമനുസരിച്ച് അവൻ യജമാനന്റെ അടുക്കലേക്ക് മടങ്ങിച്ചെല്ലണം.

അതുകൊണ്ട് പൗലൊസ് ഒനേസിമോസിനെ ഫിലെമോന്റെ അടുക്കലേക്ക് തിരിച്ചയച്ചു. ഇത് പഴയനിയമത്തിൽ ഓടിപ്പോകുന്ന ദാസനെ എങ്ങനെ കൈകാര്യം ചെയ്യണമെന്ന് പറഞ്ഞതിനു വിപരീതമാണ് (ആവ. 23:15, 16). പുതിയ നിയമത്തിൽ ദാസന്മാരെ കുറിച്ച് പൗലൊസ് ഉപദേശിക്കുന്നതെല്ലാം സ്ഥിരമായിരിക്കുന്നു (എഫെ. 6:5-8; കൊലൊ. 3:22-25). ആദ്യത്തെ ഉടമസ്ഥന്റെ അടുക്കലേക്ക് തിരിച്ചുപോകുക എന്നത് ഒനേസിമോസിന്റെ ആശയമായിരുന്നോ എന്നു വ്യക്തമല്ല, പക്ഷെ അപ്പൊസ്തലന്റെ ആശയമായിരിക്കുവാനാണ് കൂടുതൽ സാധ്യത.

പൗലൊസിന് ഫിലെമോനിൽ വലിയ ആത്മവിശ്വാസം ഉണ്ടായിരുന്നുവെങ്കിലും, ഒനേസിമോസിനെ ഫിലെമോന്റെ അടുക്കലേക്ക് വീണ്ടും അയക്കുന്നത് പൗലൊസിനും ഒനേസിമോസിനും ഒരേപോലെ സാഹസപ്രവൃത്തിയായിരുന്നു.

> ചാടിപ്പോയ ഒരു ദാസൻ സ്വയമായി യജമാനന്റെ അടുക്കലേക്ക് മടങ്ങി പോകുകയാണെങ്കിൽ, ലഭിക്കുവാനിരിക്കുന്ന ശിക്ഷ സഹിക്കുവാൻ തയ്യാറാകണം, പ്രതിഫലത്തിനായി മറ്റാരെങ്കിലും അവനെ നിർബ്ബന്ധിച്ച് യജമാനന്റെ അടുക്കൽ എത്തിക്കുകയാണെങ്കിൽ, അതല്ലെങ്കിൽ പൊലിസ് അവനെപിടിച്ച് തിരിച്ചെത്തിക്കുകയാണെങ്കിൽ, *അവന്റെ പിന്നത്തെ വിധി അവന്റെ യജമാനന്റെ കൈകളിലാണ്*. ദാസനെ ചാട്ടവാറുകൊണ്ടടിക്കുകയോ അല്ലെങ്കിൽ മുടന്തനാകുന്നതുവരെ തല്ലിക്കുകയോ ചെയ്യാം. അവന്റെ തലയിലോ കൈകളിലോ, ഇരുമ്പ് പഴുപ്പിച്ച് കഴുത്തിനു ചുറ്റും പേരും വിലാസവും എഴുതിയിരിക്കും; മറ്റു ദാസന്മാർ അങ്ങനെ ഓടിപ്പാകാതിരിപ്പാൻ ഒരു മുന്നറിയിപ്പായി ചിലപ്പോൾ കൊല്ലുകയും ചെയ്യും (എംഫസിസ് ആഡഡ്).[8]

വരുവാനുള്ള സാധ്യതകൾ അറിഞ്ഞുകൊണ്ടാണ്, [തന്റെ] **ഹൃദയം തന്നെ അയക്കുന്നു** എന്നു പറഞ്ഞത്. വീണ്ടും വാക്യം 7 ലേതുപോലെ, പൗലൊസ് വളരെ ഉചിതമായ വാക്ക് "ഹൃദയം" എന്നു പറഞ്ഞതിനർത്ഥം "അന്തർഭാഗം" എന്നാണ്. ഫിലെമോൻ വിശുദ്ധന്മാരുടെ ഹൃദയം തണുപ്പിച്ചതിനാൽ, യജമാനന്റെ അടുക്കലേക്ക് തന്റെ "ഹൃദയം" (ഒനേസിമോസ്) തിരിച്ചയക്കുമ്പോൾ ആശ്വസിപ്പിക്കും എന്നാണ് അവൻ വിചാരിച്ചത്.

**വാക്യം 13. എന്നെ ശുശ്രൂഷിക്കുവാൻ അവനെ നിർത്തുവാൻ ഞാൻ ആഗ്രഹിച്ചിരുന്നു** എന്നത് വ്യക്തിപരമായി പൗലൊസ് ഒനേസിമോസിനെ

റോമിൽ നിർത്തുവാൻ ഇഛിച്ചു എന്നാണ് അർത്ഥമാക്കുന്നത്. "ഞാൻ ആഗ്രഹിച്ചു" എന്നതിന്റെ ഗ്രീക്ക് ക്രിയ (*എബൗലോമെൻ*) അപൂർണ്ണക്രിയയാണ്, തർജിമ ചെയ്തത് "ഞാൻ ആഗ്രഹിച്ചിരുന്നു" എന്നാണ്. അതിനർത്ഥം ഒനേസിമോസിനെ തിരിച്ചയക്കുവാനുള്ള ആശയം പൗലൊസിന് പെട്ടെന്ന് ഉണ്ടായതല്ല എന്നാണ് സൂചിപ്പിക്കുന്നത്, "ഞാൻ" എന്നു പറഞ്ഞിരിക്കുന്നതിനാൽ ഒരിക്കൽകൂടെ അത് പൗലൊസിന്റെ തീരുമാനമായിരുന്നു എന്നു വ്യക്തം.

**നിനക്കു പകരം എന്നെ ശുശ്രൂഷിക്കേണ്ടതിന്ന്** എന്ന പ്രയോഗം ഏതാണ്ട് ഫിലിപ്പിയർക്കു വേണ്ടി എപ്പഫ്രാസ് പൗലൊസിനെ ശുശ്രൂഷിച്ചതുമായി നമുക്ക് താരതമ്യം ചെയ്യാവുന്നതാണ് (ഫിലി. 2:25-30). തന്റെ ദാസൻ പൗലൊസിനെ ആ വിധത്തിൽ ശുശ്രൂഷ ചെയ്യുവാൻ ഫിലെമോൻ ആഗ്രഹിച്ചില്ലെങ്കിലും, അവൻ തനിക്ക് ചെയ്ത നല്ല സേവനത്തെ പൗലൊസ് അവനെ ഓർപ്പിക്കുകയായിരുന്നു. **സുവിശേഷം നിമിത്തമുള്ള എന്റെ ബന്ധനത്തിൽ** എന്നത് അക്ഷരികമായി പറഞ്ഞാൽ "സുവിശേഷത്തിന്റെ ചങ്ങലയിൽ" എന്നാണ്. ആദ്യത്തെ പതിമൂന്നു വാക്യങ്ങളിൽ, ഇതു നാലാമത്തെ പ്രാവശ്യമാണ് തടവിൽനിന്നാണ് താൻ എഴുതുന്നതെന്ന് പൗലൊസ് സൂചിപ്പിക്കുന്നത് (1, 9, 10, 13). തടവിൽ കിടക്കുന്ന അപ്പൊസ്തലനെ ധനികനും ദാസനുള്ള യജമാനനും ശുശ്രൂഷിക്കുന്നതിനേക്കാൾ ഒനേസിമോസ് ശുശ്രൂഷിക്കുന്നതായിരിക്കും നല്ലത് എന്നായിരിക്കാം പൗലൊസ് ഓർപ്പിച്ചത്.

**വാക്യം 14.** വാക്യം 8 ലും 9 ലും പറഞ്ഞതായ ആശയം പൗലൊസ് വീണ്ടും പറയുകയാണ്. ഒനേസിമോസിനെ റോമിൽ തന്നെ നിർത്തി തന്നെ ശുശ്രൂഷിക്കുന്നതിനു അവനു ആഗ്രഹമുണ്ടായിരുന്നു എന്നു ഫിലെമോനെ അറിയിച്ച ശേഷം പറഞ്ഞു, **എങ്കിലും, നിന്റെ സമ്മതം കൂടാതെ ഒന്നും ചെയ്യുവാൻ എനിക്ക് മനസില്ലായിരുന്നു.** തുടർച്ചയായ അപൂർണ്ണ ക്രിയ ("ഞാൻ ആഗ്രഹിച്ചു," "ഞാൻ ആഗ്രഹിച്ചിരുന്നു"; വാക്യം 13), എന്നു ഉപയോഗിച്ച ശേഷം, "ഞാൻ ... ആഗ്രഹിക്കുന്നു" (*എതെലേസ*) എന്ന ഡിസിസീവ് അയോറിസ്റ്റ് ടെൻസാണ് ഉപയോഗിച്ചത്. ഒനേസിമോസിനെ കുറിച്ച് തന്റെ ഉള്ളിൽ തോന്നിയതെന്താണെന്ന് പറഞ്ഞശേഷം ആണ് ഈ സാഹചര്യത്തിൽ, അവനെ എന്തു ചെയ്യേണം എന്ന് അറിയിച്ചത്. അവസാനം നല്ല തീരുമാനം എടുക്കുകയും, ഒനേസിമോസിനെ അവന്റെ യജമാനന്റെ അടുക്കലേക്ക് അയക്കുകയും ചെയ്തു.

പൗലൊസിനു ചെയ്യാമായിരുന്ന മറ്റൊരു സാധ്യത, അവനു ഒനേസിമോസിനെ തന്റെ അടുക്കൽ തന്നെ ശുശ്രൂഷിപ്പാനായി നിർത്തിയിട്ട്, താൻ ചെയ്തത് എഴുതിയ ഒരു എഴുത്തുമായി അവന് തിഹിക്കൊസിനെ അയക്കാമായിരുന്നു. അന്തിമ ഫലം ഒന്നുതന്നെ ആകുവാനും സാധ്യതയുണ്ട്. രണ്ട് വിധത്തിലായാലും, ഒനേസിമോസ് പൗലൊസിനെ ശുശ്രൂഷിക്കുന്നത് ഫിലെമോന്റെ സമ്മതത്തോടുകൂടി ആയിരിക്കണമെന്നു മാത്രം. എങ്ങനെയായാലും, പൗലൊസിന്റെ സമീപനം മറ്റൊന്നായിരുന്നു. പൗലൊസിന്റെ തീരുമാനം ഫിലെമോനോട് പറഞ്ഞത്, **നിന്റെ നന്മ സഫലമാകേണ്ടതിന്ന്, നിന്റെ ഗുണം നിർബ്ബന്ധത്താലല്ല സ്വയമായി മനസോടെ ആകേണ്ടതിന്ന്** എന്നാണ്. ഈ പ്രസ്താവന ലേഖനത്തിന്റെ മുഴുവൻ കേന്ദ്രബിന്ദുവായി തീരുകയാണ്. അവസാനം നല്ല *ഒരന്ത്യത്തിന്* പൗലൊസ് നന്നായി അദ്ധ്വാനിക്കുക മാത്രമല്ല, അവസാനം ശുഭപര്യവസാനത്തിലെത്തുവാൻ അവൻ നല്ല *മാർഗവും* സ്വീകരിച്ചു. പൗലൊസിനു കൽപിക്കുവാൻ കഴിയുമെങ്കിലും (വാ. 8), നിർബന്ധിക്കുവാനും കഴിയു

മായിരുന്നു എങ്കിലും (വാ. 14), പകരം അവൻ അപേക്ഷിക്കുവാനും (വാ. 9) "യാചിക്കുവാനുമായിരുന്നു" തിരഞ്ഞെടുത്തത്. കൊരിന്ത്യസഭക്ക് പൗലൊസ് എഴുതിയപ്പോഴും "നിർബന്ധം" എന്ന വാക്ക് ഉപയോഗിച്ചിരുന്നു "അവനവൻ ഹൃദയത്തിൽ നിശ്ചയിച്ചതുപോലെ കൊടുക്കട്ടെ. സങ്കടത്തോടെ അരുത്, *നിർബ്ബന്ധത്താലുമരുത്*; സന്തോഷത്തോടെ കൊടുക്കുന്നവനെ ദൈവം സ്നേഹിക്കുന്നു" (2 കൊ. 9:7; എംഫസിസ് ആഡഡ്).

15–17

**[15]അവൻ അൽപകാലം വേറുവിട്ടുപോയത് അവനെ സദാകാലത്തേക്കും നിനക്ക് ലഭിക്കേണ്ടതിന്നു ആയിരിക്കും; [16]അവൻ ഇനി ദാസൻ അല്ല, ദാസന്നു മീതെ; അവൻ വിശേഷാൽ എനിക്ക് പ്രിയൻ എങ്കിൽ, നിനക്ക് ജഡസംബന്ധമായും കർത്തൃസംബന്ധമായും എത്ര അധികം?**

**[17]ആകയാൽ നീ എന്നെ കൂട്ടാളി എന്നു കരുതുന്നു എങ്കിൽ, അവനെ എന്നെപോലെ ചേർത്തുകൊൾക.**

**വാക്യം 15. ആകയാൽ ഒരുപക്ഷെ** എന്നത് ഒരു ദാസനും യജമാനനും തമ്മിലുള്ള ആത്മിയമായ സാഹചര്യം സൗമ്യമായി മനസിലാക്കുവാനുള്ള വാക്കുകൾ ആയിരിക്കാം. "ഒരുപക്ഷെ" എന്നു തർജിമ ചെയ്തിരിക്കുന്നത് ഗ്രീക്ക് ക്രിയാ വിശേഷണമായ *ടാചാ* ആണ്, അത് "*സംഭാവ്യതക്കും സാധ്യതക്കും* ഇടക്ക് സംഭവിക്കുവാനിടയുള്ള അടയാളമാണ്."[9] പൗലൊസ് അർത്ഥമാക്കിയത് "ഒരുപക്ഷെ," ആയാലും "സംഭാവ്യത" ആയാലും, തീർച്ചയല്ലാത്ത സാധ്യതയായി വ്യാഖ്യാനിക്കാവുന്ന രീതിയിലാണ് അവതരിപ്പിച്ചിരിക്കുന്നത്.

അവൻ ഫിലെമോനോട് പറഞ്ഞത്, *അവൻ ഇക്കാരണത്താലായിരുന്നു നിന്നെ വിട്ടുപോയത്*. ഇത് ഒരു ഓടിപ്പോയ ദാസനെ കുറിച്ചു മൃദുവായി സംസാരിക്കുന്ന രീതിയാണ്. ഒനേസിമോസ് ചെയ്തത് തെറ്റായിരുന്നു, അവൻ നിമിത്തം തന്റെ യജമാനനു നഷ്ടവുമുണ്ടായി (വാ. 18). എങ്ങനെയായാലും, ദാസൻ/യജമാനൻ എന്ന നിലയിലുള്ളതിനേക്കാൾ വലിയ പോരാട്ടം നടന്നതായി പൗലൊസ് വിശ്വസിച്ചിരുന്നു. ഒരു വലിയ ഉദ്ദേശത്തിനായി ദൈവത്തിന്റെ കരുണ ഈ കാര്യത്തിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുകയായിരുന്നു.

*അൽപകാലം* എന്നത് അക്ഷരികമായി "കുറെ നേരം" എന്നാണ് (2 കൊ. 7:8; ഗലാ. 2:5 നോക്കുക). ഒനേസിമോസ് തന്റെ ജോലിയിൽനിന്നു മാറി നിന്നതിന്റെ ദൈർഘ്യം അത്ര വലുതായി എടുക്കരുത് എന്നതായിരിക്കാം ഉദ്ദേശം. പൗലൊസ് നിരന്തരമായി ക്രിസ്ത്യാനികളോട് ജീവിതത്തിന്റെ "വലിയ ചിത്രം" കാണുവാനായിരുന്നു പ്രബോധിപ്പിച്ചിരുന്നത് (റോമർ 8:18; 2 കൊ. 4:17). ആനുകാലിക പ്രശ്നങ്ങൾ ശരിയായി കാണുവാൻ ഓരോരുത്തർക്കും വിശാലമായ കാഴ്ച്ചപ്പാടുണ്ടായിരിക്കണം (റോമർ 8:28–39).

**അവനെ സദാകാലത്തേക്കും നിനക്ക് ലഭിക്കേണ്ടതിന്ന്** എന്ന് പൗലൊസ് പറഞ്ഞപ്പോൾ പൗലൊസ് സംസാരിച്ചത് ഭൗതികമായിരുന്നോ അതോ ആത്മികമായിരുന്നോ എന്ന് ആധുനിക ലോകത്തെ ആളുകളെ ചിന്തിപ്പിക്കുന്നതായിരുന്നു. ഒനേസിമോസ് ക്രിസ്ത്യാനിയായതിനാൽ (വാ. 16), ഇനി ഫിലെമോനും ഒനേസിമോസും നിത്യതയിൽ എന്നേക്കും സഹോദരീസഹോദരന്മാരായി ജീവിക്കേണ്ടവരാണ് എന്നാണോ പൗലൊസ് അർത്ഥമാക്കിയത്? മറിച്ച്, ഫിലെമോന്റെ "പ്രയോജനമില്ലാത്ത" ദാസനെ ക്രിസ്തു രൂപാന്തരപ്പെടുത്തി "പ്ര

യോജനമുള്ളവൻ" ആക്കിയതിനാൽ (വാ. 11), ഇനി ഓടിപ്പോകാതെ നിന്റെ ആയുഷ്ക്കാലം മുഴുവൻ നിന്നെ വിശ്വസ്തതയോടെ സേവിക്കും എന്നാണോ? ഈ രണ്ടു തിരഞ്ഞെടുപ്പുകൾക്കും മദ്ധ്യേ മറ്റൊന്നു സ്വീകരിപ്പാൻ മതിയായ കാരണം കാണുന്നില്ല. വീണ്ടും ഫിലെമോന് സ്വയമായി തീർപ്പിലെത്തുവാൻ ഭാഷ മനപ്പൂർവ്വമായി അവ്യക്തമായി വെച്ചിരിക്കുന്നതാകാം.

വാക്യം 15 ലെ പൗലൊസിന്റെ വിവേചനം നമ്മെ ഓർമ്മിപ്പിക്കുന്നത്, യാക്കോബിന്റെ മകനായ യോസേഫ് തന്റെ അപ്പൻ മരിച്ചശേഷം സഹോദരന്മാരോട് തന്റെ അടിമത്വത്തിന്റെ അനുഭവം പറയുന്ന പ്രസ്താവനയാണ്. അവൻ പറഞ്ഞു, "നിങ്ങൾ എന്റെ നേരെ ദോഷം വിചാരിച്ചു; ദൈവമോ ഇന്നുള്ളതുപോലെ ബഹുജനത്തിന്നു ജീവരക്ഷ വരുത്തേണ്ടതിന്നു അതിനെ ഗുണമാക്കി തീർത്തു" (ഉല്. 50:20). ഫിലെമോന്റെ ലേഖനത്തെ കുറിച്ചുള്ള വ്യാഖ്യന പുസ്തകത്തിൽ ജെരോം (ഏ. ഡി. 345–420) ഇതിനു സമാനമായി എഴുതി,

> ചിലപ്പോൾ ദുഷ്ടസാഹചര്യങ്ങൾ നല്ല സാഹചര്യങ്ങളായി മാറും, തിന്മയുള്ള മനുഷ്യരുടെ പദ്ധതികളെ മാറ്റി ദൈവം അതിനെ നീതിയുള്ളതാക്കുകയും ... തീർച്ചയായും, [ഒനേസിമോസ്] ഓടി പോയില്ലായിരുന്നുവെങ്കിൽ, അവൻ റോമിൽ തടവിലായിരുന്ന പൗലൊസിന്റെ അടുക്കൽ ചെല്ലുകയോ ക്രിസ്തുവിൽ വിശ്വസിക്കുകയോ ചെയ്യുമായിരുന്നില്ല. ക്രിസ്തുവിൽ വിശ്വസിക്കാതെ അവന് പൗലൊസിന്റെ മകനായി തീരുവാനോ സുവിശേഷ വേലയുടെ ഭാഗമായി തീരുവാനോ കഴിയുമായിരുന്നില്ല....[10]

**വാക്യം 16.** വാക്യം 15-ൽ ആരംഭിച്ച വാചകം തുടരുകയാണ്: ഒനേസിമോസ് ഫിലെമോന്റെ അടുക്കലേക്ക് തിരിച്ചുവന്നത് "സദാകാലത്തേക്കുമാണ്" **പക്ഷെ ഒരിക്കലും ദാസനായിട്ടല്ല.** ലേഖനത്തിൽ ഇത് ആദ്യമായിട്ടാണ് "ദാസൻ" എന്ന വാക്ക് വരുന്നത്. പൗലൊസിന്റെ മനസിൽ മനുമിഷൻ (ഔപചാരികമായി ഒരു ദാസനെ സ്വതന്ത്രമാക്കൽ നടപടി) ഉണ്ടായിരുന്നുവെങ്കിലും, ഈ വാക്യത്തെ അവനെ സ്വതന്ത്രമാക്കുവാൻ പൗലൊസ് അവനോട് നിർദ്ദേശിക്കുന്നില്ല. പകരം, രൂപാന്തരപ്പെട്ടതിനാൽ ഒനേസിമോസ് ഇപ്പോൾ ഒരു **ദാസനേക്കാൾ അധികമായി** തീർന്നിരിക്കുന്നു എന്ന് അവൻ വെളിപ്പെടുത്തുകയായിരുന്നു. അടിമത്വസമ്പ്രദായത്തെ കുറിച്ച് വാദിക്കുകയായിരുന്നില്ല പൗലൊസ്; അവൻ അത് മാറ്റുകയായിരുന്നു.

ഒരു ദാസനേക്കാൾ വലിയവനായി ഒനേസിമോസിനെ കാണേണ്ടിയിരുന്നു. ക്രിസ്തുവിൽ അവൻ **പ്രിയ സഹോദരനായി** തീർന്നു. "സഹോദരൻ" എന്ന വാക്ക് മുഖവുരയിൽ തിമൊഥെയോസിനെ പറയുവാൻ ഉപയോഗിച്ചിരുന്നു, "പ്രിയ" എന്ന വാക്ക് ഫിലെമോനെ പരിചയപ്പെടുത്തുവാനും ഉപയോഗിച്ചിരുന്നു (വാ. 1). പൗലൊസ് മുൻപ് ഗലാത്യർക്ക് എഴുതി,

> ക്രിസ്തുവിനോട് ചേരുവാൻ സ്നാനം ഏറ്റിരിക്കുന്ന നിങ്ങൾ എല്ലാവരും ക്രിസ്തുവിനെ ധരിച്ചിരിക്കുന്നു. അതിൽ യെഹൂദനും യവനനും എന്നില്ല; *ദാസനും സ്വതന്ത്രനും എന്നില്ല*; ആണും പെണ്ണും എന്നില്ല; നിങ്ങൾ എല്ലാവരും ക്രിസ്തുയേശുവിൽ ഒന്നത്രെ (ഗലാ. 3:26, 27; എംഫസിസ് ആഡഡ്).

ഒരാൾ ക്രിസ്ത്യാനിയായി തീരുമ്പോൾ, പരിവർത്തനം സംഭവിക്കും, പക്ഷെ ലിംഗമാറ്റമോ, വർഗ മാറ്റമോ സംഭവിക്കാത്തതുപോലെ-ദാസൻ, യജമാനൻ എന്നതു-അപ്രത്യക്ഷമാകുന്നില്ല. മറിച്ച്, എല്ലാ മാനുഷിക വേർതിരിവുകളും ക്രിസ്തുവിലാകുമ്പോൾ മാറുകയാണ് ചെയ്യുന്നത്.

ഒനേസിമോസിനോടുള്ള തന്റെ ആഴമേറിയ സ്നേഹബന്ധം പൗലൊസ് ആവർത്തിച്ചു പറയുകയാണ്, വീണ്ടും അവൻ ഫിലെമോനു എഴുതുന്നു, ഒനേസിമോസ് **പ്രത്യേകിച്ച് എനിക്ക്** പ്രിയനാണ്. **ജഡസംബന്ധമായും കർത്തൃസംബന്ധമായും നിനക്ക് എത്ര അധികം** എന്ന് പൗലൊസ് പറയുമെന്ന് ഫിലെമോൻ വിചാരിച്ചുകാണുകയില്ല. ദാസനും-യജമാനനും ഇരട്ടബന്ധമാണുള്ളത്. ജഡസംബന്ധമായും, സാമ്പത്തികമായും, സാമൂഹ്യമായും അവർ നിയമപരമായി ബന്ധിക്കപ്പെട്ടിരിക്കുകയാണ്. കർത്താവിൽ അവർ ക്രിസ്തുവിന്റെ രക്തത്താൽ ശുദ്ധീകരിക്കപ്പെടുകയും, അവരിൽ വസിക്കുന്ന പരിശുദ്ധാത്മാവിനാലും അവരെ ബന്ധിപ്പിച്ചിരിക്കുകയാണ്. പൗലൊസ് കൊരിന്ത്യസഭക്ക് ലേഖനമെഴുതിയത് ഈ സാഹചര്യത്തെ അനുസ്മരിപ്പിക്കുന്നു:

> ആകയാൽ ഞങ്ങൾ ഇന്നു മുതൽ ആരെയും ജഡപ്രകാരം അറിയുന്നില്ല; ക്രിസ്തുവിനെ ജഡപ്രകാരം അറിഞ്ഞു എങ്കിലും ഇനിമേൽ അങ്ങനെ അറിയുന്നില്ല. ഒരുത്തൻ ക്രിസ്തുവിലായാൽ അവൻ പുതിയ സൃഷ്ടിയായി, ഇതാ അതു പുതുതായി തീർന്നിരിക്കുന്നു (2 കൊ. 5:16, 17).

**വാക്യം 17. ആകയാൽ നീ എന്നെ കൂട്ടാളി എന്നു കരുതുന്നു എങ്കിൽ,** എന്നതിന്റെ അക്ഷരികമായ അർത്ഥം, "നീ എന്നെ ഒരു പങ്കാളിയായി കരുതുന്നു എങ്കിൽ" എന്നാണ്. "കൂട്ടാളി" തർജിമ ചെയ്തിരിക്കുന്ന നാമം *കൊയിനോണോസ്* ആണ്. ഒരു വ്യവസായ പങ്കാളിക്ക് സാധാരണ ഉപയോഗിക്കുന്ന വാക്കാണ് അത് (ലൂക്കൊ. 5:10). *കൊയിനോണിയ* എന്ന വാക്യം 6-ൽ ഉപയോഗിച്ച ഗ്രീക്ക് നാമത്തിന്റെ മൂലവാക്കിൽനിന്നു വന്നതാണ് ആ വാക്ക്. വാക്യം 1-ൽ പൗലൊസ് ഫിലെമോനെ "സഹ പ്രവർത്തകൻ" എന്നു പറഞ്ഞിരുന്നു. "നീ എന്നെ കൂട്ടാളി എന്നു കരുതുന്നതായി എനിക്ക് അറിയാം" എന്നതിന് പ്രത്യേ-കമായ അർത്ഥ-മൊന്നും ഇല്ല (അതേ ഘടനയുള്ള ഫിലിപ്പിയർ 2:1 നോക്കുക).

**എന്നെ പോലെ ചേർത്തുകൊൾക** എന്നത് ഈ ലേഖനത്തിലെ ആദ്യത്തെ ആജ്ഞാരൂപത്തിലുള്ള വാക്കാണ്. ഏതെങ്കിലും രീതിയിൽ "കൽപിച്ചിട്ട്" ഫിലെമോൻ മറുപടി പറയുവാൻ പൗലൊസ് പ്രതീക്ഷിച്ചില്ല (വാ. 8). ഇവിടെ ഉപയോഗിച്ചത് ആജ്ഞാരൂപത്തിലാണെങ്കിലും അത് വ്യവസ്ഥയോടുകൂടിയാണ് പറയുന്നത്. "കൈക്കൊൾവിൻ" എന്നത് പൗലൊസിനു ഗൗരവമുള്ള വാക്കായിരുന്നു. ഗ്രീക്ക് ക്രിയയുടെ ഒരു വകഭേദമായ *പ്രോസ്ലാമ്പെനോ*, ദൈവം ആളുകളെ സ്വീകരിക്കുന്ന രീതിയാണ് (റോമ. 14:3; 15:7), അനുകരിക്കുന്ന വിധത്തിൽ ക്രിസ്ത്യാനികളും അന്യോന്യം കൈക്കൊള്ളുന്നത് അങ്ങനെയായിരിക്കണം (റോമർ 14:1; 15:7).

മത്തായി 25-ൽ യേശു പറഞ്ഞിരിക്കുന്ന വിശപ്പുള്ളവരെ, ദാഹിക്കുന്നവരെ, രോഗികളെ, നഗ്നരായവരെ, തടവിലായവരെയെല്ലാം ചെന്നു കാണുന്നതിനെ പറഞ്ഞിരിക്കുന്നതുപോലെയാണ് നാം പൗലൊസ് ഒനേസിമോസിനു വേണ്ടി അപേക്ഷിക്കുന്നത് കാണേണ്ടത്. ന്യായവിധി ദിവസത്തിൽ "എന്റെ

ഈ ഏറ്റവും ചെറിയ സഹോദരന്മാരിൽ ഒരുത്തന്നു നിങ്ങൾ ചെയ്തേടത്തോളം എല്ലാം എനിക്കു ചെയ്തു എന്നു ഞാൻ സത്യമായിട്ടു നിങ്ങളോടു പറയുന്നു എന്നു അരുളിച്ചെയ്യും." എന്നു കർത്താവ് മുന്നറിയിച്ചു (മത്താ. 25:40). ഫിലെമോന് ഒനേസിമോസിൽ നന്മ ഒന്നും കാണുവാൻ കഴിഞ്ഞില്ലെങ്കിലും, അവൻ പൗലൊസിനെയാണ് കൈകാര്യം ചെയ്യുന്നത് എന്നു അവൻ വിചാരിക്കണമായിരുന്നു.

18–20

**[18]അവൻ നിന്നോട് എന്തെങ്കിലും അന്യായം ചെയ്തിട്ടോ കടംപെട്ടിട്ടോ ഉണ്ടെങ്കിൽ, അത് എന്റെ പേരിൽ കണക്കിട്ടുകൊൾക. [19]പൗലൊസ് എന്ന ഞാൻ സ്വന്തകയ്യാൽ എഴുതിയിരിക്കുന്നു; ഞാൻ തന്നു തീർക്കാം. നീ നിന്നെത്തന്നെ എനിക്കു തരുവാൻ കടംപെട്ടിരിക്കുന്നു എന്നു ഞാൻ പറയേണം എന്നില്ലല്ലോ. [20]അതേ സഹോദരാ നിന്നെക്കൊണ്ട് എനിക്ക് കർത്താവിൽ ഒരനുഭവം വേണ്ടിയിരിക്കുന്നു; ക്രിസ്തുവിൽ എന്റെ ഹൃദയം തണുപ്പിക്ക.**

**വാക്യം 18.** ഈ നിമിഷം വരെ പൗലൊസ് ആത്മിയമായ ഭാഷയിൽ ആത്മിയ വാദങ്ങളായിരുന്നു നടത്തിയത്. വാക്യം 18 ൽ വ്യാവസായിക ലോകത്തെ അനുസ്മരിപ്പിക്കുന്ന ചിന്തയിലേക്കാണ് മാറുന്നത്. **അവൻ ഏതെങ്കിലും വിധത്തിൽ** [*എയി ഡേ ടി*] നിന്നോട് അന്യായം ചെയ്തിട്ടുണ്ടെങ്കിൽ, ഒനേസിമോസ് ചെയ്ത തെറ്റ് ഫിലെമോനും പൗലൊസും പറഞ്ഞ് കരാറിൽ ഏർപ്പെടേണ്ട ആവശ്യമില്ല.[11] അതിനർത്ഥം ഒനേസിമോസ് ചെയ്ത ഏതു തെറ്റും അവനോട് ഫിലെമോൻ ദയവ് കാണിക്കാതിരിക്കുവാൻ കാരണമാകരുത് എന്നു സാരം.

ഒനേസിമോസ് തന്റെ യജമാനന്റെ വസ്തുവകകൾ ദുരുപയോഗം ചെയ്തോ, അല്ലെങ്കിൽ, പണം എന്തെങ്കിലും കവർന്നെടുത്തിട്ടാണോ അവൻ റോമിലേക്ക് യാത്ര ചെയ്തത്, അതുമല്ലെങ്കിൽ കുറെനാൾ ജോലിക്ക് ചെല്ലാതിരുന്നതിനാൽ അവൻ യജമാനനു നഷ്ടം വരുത്തിയോ? "അന്യായം" ഗ്രീക്ക് ക്രിയ *അഡികെയെയോ* യിൽ നിന്നുള്ളതാണ്, അത് പൗലൊസ് ദാസന്മാരും യജമാനന്മാരും തമ്മിലുള്ള ബന്ധത്തെ പറയുവാൻ ഉപയോഗിച്ചതാണ്, "അന്യായം ചെയ്തവൻ താൻ ചെയ്ത *അന്യായത്തിന് ഒത്തതു* പ്രാപിക്കും; മുഖപക്ഷം ഇല്ല" (കൊലൊ. 3:25; എംഫസിസ് ആഡഡ്). പൗലൊസ് ഇത് ഒനേസിമോസും ഫിലെമോനും തമ്മിലുള്ള ബന്ധം മനസിൽ വെച്ചുകൊണ്ടായിരിക്കാം അതെഴുതിയത്.

വ്യാവസായിക ഭാഷ തുടർന്നുകൊണ്ട് പൗലൊസ് പറഞ്ഞു, അല്ലെങ്കിൽ **കടംപെട്ടിട്ടോ ഉണ്ടെങ്കിൽ** എന്നതു മനസിലാക്കുവാൻ നോക്കുക (മത്താ. 18:28, 30). ഒനേസിമോസ് ഫിലെമോന്നു കടപ്പെട്ടിരിക്കുന്നതിനെല്ലാം ഉത്തരവാദിത്തം ഇപ്പോൾ വിശ്വാസത്തിൽ അവന്റെ അപ്പനായവൻ ഏറ്റെടുക്കുകയാണ്. അത് **എന്റെ പേരിൽ കണക്കിട്ടുകൊൾക** എന്നു പൗലൊസ് പറഞ്ഞപ്പോൾ, ഒരിക്കൽകൂടെ അവൻ ഫിലെമോന്നും ഒനേസിമോസിന്നും മദ്ധ്യേ നിൽക്കുകയാണ്. ദാസന്ന് ഒരിക്കലും അവന്റെ കടം തീർക്കുവാൻ കഴിയുകയില്ല എന്നു മനസിലാക്കി പൗലൊസ് അത് സ്വയം ഏറ്റെടുക്കുകയാണ്. (ഇത് നമ്മെ ക്രൂശിന്റെ സംഭവത്തിലേക്ക് കൊണ്ടുപോകുകയാണ്; റോമർ 5:6–10; 8:1–4 നോക്കുക.) മറ്റൊരു വ്യാവസായിക വാക്കാണ് ഗ്രീക്ക്

ക്രിയയായ *യെല്ലോജെയോ*, ഈ വാചകത്തിൽ ഉപയോഗിച്ചിരിക്കുന്നതിന്റെ അർത്ഥം, "സാമ്പത്തിക കടമ ഏറ്റെടുക്കൽ."[12] ആ വാക്ക് പുതിയ നിയമത്തിൽ ഇവിടെയും റോമർ 5:13 ലും ആണ് കാണുന്നത്, അവിടെ തർജിമ ചെയ്തിരിക്കുന്നത് "കണക്കിടുക" എന്നാണ്.

**വാക്യം 19. പൗലൊസ് എന്ന ഞാൻ സ്വന്ത കയ്യാൽ എഴുതിയിരിക്കുന്നു; ഞാൻ തന്നു തീർക്കാം** എന്ന വാക്കുകളാൽ അപ്പൊസ്തലൻ നിയമപരമായ പ്രോമിസറി നോട്ടായി മാറുകയായിരുന്നു. ലേഖനം ആധികാരികമാക്കുവാൻ അതിന്റെ അവസാനം അപ്പൊസ്തലൻ തന്നെ ആണ് എഴുതിയിരുന്നത് (കൊലൊ. 4:18; ഗലാ. 6:11; 1 കൊ. 16:21). ഇവിടെ, ഒനേസിമോസ് ഫിലെമോന് എന്തെങ്കിലും കടമോ പിഴയോ കൊടുക്കുവാനുണ്ടെങ്കിൽ അതിന് പൗലൊസ് ഉറപ്പു നൽകുകയായിരുന്നു. വാക്യം 18 ലും 19 ലും സ്ഥിരത നിലനിർത്തി പൗലൊസ് മറ്റൊരു വ്യാവസായിക ഗ്രീക്ക് ക്രിയ *അപോടിനോ* ഉപയോഗിച്ചിരിക്കുന്നു. ആ വാക്കിന് "നഷ്ടപരിഹാരം വരുത്തുക" അല്ലെങ്കിൽ "*നാശം വരുത്തിയതിന് പിഴ* നൽകുക."[13] പുരാതന കാലത്ത് സാമ്പത്തിക ഇടപാടുകൾക്ക് ഉറപ്പ് വരുത്തുവാൻ ഉപയോഗിച്ചിരുന്ന വാക്ക് പുതിയ നിയമത്തിൽ ഇവിടെ മാത്രമാണുള്ളത്.

പിന്നീട് പൗലൊസ് സാമ്പത്തിക ഭാഷയിൽനിന്ന് വിശ്വാസ ഭാഷയിലേക്ക് തിരിയുകയാണ്. ഒരുപക്ഷെ ഘനമേറിയ വാദഗദി മൃദുരൂപത്തിൽ അവതരിപ്പിച്ച ലേഖനത്തിൽ, പൗലൊസ് ഫിലെമോനെ ഓർമ്മിപ്പിച്ചു, **നീ നിന്നെത്തന്നെ എനിക്കു തരുവാൻ കടംപെട്ടിരിക്കുന്നു**. പൗലൊസിന്റെ ശുശ്രൂഷാ സ്വാധീനത്താലായിരുന്നു ഫിലെമോൻ ക്രിസ്ത്യാനിയായി തീർന്നത്. ഒനേസിമോസ് എന്തെങ്കിലും താൽക്കാലികമായ കടം അവന്നു കൊടുത്തു തീർക്കുവാനുണ്ടെങ്കിലും, അതിനേക്കാൾ വിലയുള്ള ആത്മിയ കടം ഫിലെമോൻ പൗലൊസിനു കൊടുത്തു തീർപ്പാനുണ്ടായിരുന്നു.

**വാക്യം 20**. അപേക്ഷയുടെ അവസാനം, പൗലൊസ് തന്റെ പ്രാർത്ഥനയിലേയും സ്തോത്രത്തിലേയും പല മുഖ്യവാക്കുകളും ആശയങ്ങളും ആവർത്തിച്ചിരിക്കുന്നു (വാ. 7). **അതെ സഹോദരാ** എന്ന വാക്ക് പൗലൊസിന് ഫിലെമോനോടും (വാ. 7) ഒനേസിമോസിനോടും (വാ. 16) ഉള്ള കുടുംബബന്ധത്തെ സൂചിപ്പിക്കുന്നതായിരുന്നു. പൗലൊസ് തന്റെ ലേഖനം സമതുലനാവസ്ഥയുള്ളതാകുവാൻ ശ്രദ്ധിച്ചിരുന്നു. ശക്തമായ വാദത്തിലേക്ക് തിരിയുവാൻ സാധ്യതയുള്ള വിഷയത്തെ ദയവും മൃദുവുമായ വാക്കുകളാൽ ഉറപ്പിക്കുകയായിരുന്നു പൗലൊസ്. എന്തു സമ്മർദ്ദം പൗലൊസ് ഫിലെമോനിൽ ചെലുത്തുവാൻ ശ്രമിച്ചാലും, ഫിലെമോൻ തന്റെ പ്രിയ സഹോദരനും കൂട്ടാളിയുമാണ് എന്ന് പൗലൊസ് വരുത്തി തീർക്കുകയായിരുന്നു (വാ. 1, 20).

**നിന്നെക്കൊണ്ട് കർത്താവിൽ എനിക്ക് ഒരനുഭവം വേണ്ടിയിരിക്കുന്നു** എന്നത് ദാസന്റെ പേരുമായി ബന്ധപ്പെട്ട് ഉപയോഗിച്ച വാക്കുകളായിരുന്നു. "ഒനേസിമോസ്" എന്നതിന്റെ ക്രിയാരൂപമാണ് (*ഓനിനെമി)*, പുതിയ നിയമത്തിൽ ഇവിടെ മാത്രമാണ് ആ വാക്ക് ഉള്ളത്. "ഒനേസിമോസ്" എന്നതിനർത്ഥം "ഉപയോഗമുള്ളവൻ" "പ്രയോജനമുള്ളവൻ" എന്നാണ്. ഈ സമയത്ത് പൗലൊസ് സാഹചര്യത്തെ നേരെ തിരിച്ചുകളഞ്ഞു. അവൻ ഇപ്പോൾ ദാസനോടല്ല, യജമാനനോടാണ് കർത്താവിൽ "പ്രയോജനപ്പെടുവാൻ " അല്ലെങ്കിൽ "ഉപയോഗപ്പെടുവാൻ" ആവശ്യപ്പെടുന്നത്.

**എന്റെ ഹൃദയം തണുപ്പിക്ക** എന്നതിൽ പൗലൊസ് മുൻപ് ഫിലെമോനെ

കുറിച്ച് അവകാശപ്പെട്ടത് ഉൾപ്പെടുത്തിയിരിക്കുന്നു. വാക്യം 7-ൽ അവൻ പറഞ്ഞു, "... വിശുദ്ധന്മാരുടെ ഹൃദയം [*സ്പ്ലാഗ്ച്നാ*] നീ തണുപ്പിച്ചതു [*അനാപഔവോ*] നിമിത്തം, സഹോദരാ [*അഡെൽഫെ*]." വാക്യം 20 ൽ അവൻ സഹോദരനോട് (*അഡെൽഫെ*) തന്റെ ഹൃദയം (*സ്പ്ലാഗ്ച്നാ*) തണുപ്പിക്ക (*അനാപഔവോ*) എന്നു പറഞ്ഞു. തന്റെ ബഹുമതിയും അലങ്കാരബഹുലമായ തന്ത്രത്തോടും കൂടെ പ്രവർത്തിക്കുവാനായിരുന്നു പൗലൊസ് ഫിലെമോനോട് ആവശ്യപ്പെട്ടത്, കൊരിന്ത്യൻ ക്രിസ്ത്യാനികളോട് അവൻ ഇതേ വാക്ക് ഉയോഗിച്ച് എഴുതിയിരുന്നു (2 കൊ. 9:1-5). വിശുദ്ധന്മാരുടെ ഹൃദയങ്ങളെ തണുപ്പിച്ചവൻ എന്നാണ് ഫിലെമോൻ അറിയപ്പെട്ടിരുന്നത്. ഒനേസിമോസിന്റെ കാര്യത്തിൽ അതു തന്നെയാണ് അവനിൽനിന്നു പൗലൊസ് ആവശ്യപ്പെട്ടത്.

വാക്യത്തിന്റെ ആരംഭത്തിൽ **കർത്താവിൽ** എന്നാരംഭിച്ച് വാക്യം അവസാനിപ്പിക്കുന്നത് "ക്രിസ്തുവിൽ" എന്ന വാക്കോടുകൂടിയാണ്. ക്രിസ്ത്യാനികളുടെ സാമൂഹ്യമായ സ്ഥാനം എന്തായാലും, അവർ ഒരേ യജമാനന്റെ ദാസന്മാരാണ് എന്നുള്ളതാണ് അതിന്റെ ശക്തി എന്ന തിരിച്ചറിവു നൽകുന്നതാണ് പൗലൊസിന്റെ വാദഗതികളെല്ലാം (കൊലൊ. 3:22-4:1).

## പ്രായോഗികത

### പ്രശ്നത്തിന്റെ സ്വരോച്ചാരണം (വാ. 10)

നിരവധി വർഷങ്ങൾക്ക് മുൻപ്, എയിഡ്സ് ബാധിച്ച് മരിച്ച ഒരു സ്നേഹിതന്റെ ശവസംസ്ക്കാരത്തിൽ ഞാൻ സംസാരിക്കുകയുണ്ടായി. വാസ്തവത്തിൽ പട്ടണത്തിൽ വെച്ചും പിന്നെ അദ്ദേഹത്തിന്റെ ജന്മസ്ഥലത്തു വെച്ചും രണ്ട് ശുശ്രൂഷകളിൽ ഞാൻ പ്രസംഗിച്ചു. അദ്ദേഹം കുറെക്കാലം ദൈവത്തോടു മൽസരിച്ചു ജീവിക്കുകയും സ്വവർഗരതി ജീവിത ശീലമാക്കുകയും ചെയ്തിരുന്നു. അയാൾക്ക് അങ്ങനെ എച്ച്ഐവി രോഗം പിടിപെട്ടു. എന്നാൽ അദ്ദേഹം തന്റെ അവസാന കാലഘട്ടത്തിൽ മുടിയനായ പുത്രനെ പോലെ "സുബോധം വരികയും" ദൈവത്തിലേക്ക് തിരിച്ചുവരികയും വിശ്വസ്തമായ ക്രിസ്തീയ ജീവിതം നയിക്കുകയും ചെയ്തു.

ആദ്യ ശുശ്രൂഷക്ക് വന്ന എല്ലാവർക്കും അയാൾ പാപത്തിലകപ്പെട്ടതും മാനസാന്തരപ്പെട്ടതും അറിയാമായിരുന്നു. എയിഡ്സിന്റെ മാരകമായ അവസ്ഥയെയും ദൈവത്തിന്റെ പാപക്ഷമാപണത്തെയും ഞങ്ങൾക്ക് സ്വതന്ത്രമായി അവിടെ സംസാരിക്കുവാൻ കഴിഞ്ഞു. എങ്ങനെയായാലും, മണിക്കൂറുകൾ യാത്ര ചെയ്ത് ഞങ്ങൾ അയാളുടെ ജന്മസ്ഥലത്തേക്ക് പോയി, അവിടെ എയിഡ്സിനെ കുറിച്ചു ആരും സംസാരിക്കാതെ നിശബ്ദത പാലിച്ചിരുന്നു. അത് എല്ലാവർക്കും അറിയാവുന്നതും ആരും സംസാരിക്കാത്തതുമായ "ഇരുണ്ട നിശബ്ദതയായിരുന്നു."

ഞാൻ പ്രസംഗിക്കുവാനായി എഴുന്നേറ്റപ്പോൾ ആഡിറ്റോറിയത്തിലുള്ള ആളുകളെല്ലാം സംഘർഷം നിറഞ്ഞ അവസ്ഥയിലായിരുന്നു. ചിലത് പറയുവാൻ നിലവിളിക്കുന്നതുപോലെ തോന്നി, എന്നാൽ അത് കേൾക്കുവാൻ എല്ലാവർക്കും ഭയം ഉള്ളതുപോലെ തോന്നി. പക്ഷെ അവസാനം പ്രസംഗമദ്ധ്യേ, ഞാൻ എയിഡ്സിനെ കുറിച്ച് സംസാരിച്ചു. ജനലിന്റെ ഗ്ലാസിൽ ഞാൻ ചുറ്റിക കൊണ്ട് അടിക്കുന്നതുപോലെ അനുഭവപ്പെട്ടു. ചില ശബ്ദം കേട്ടു. ഞാൻ നോക്കിയപ്പോൾ ഏതാനും സ്ത്രീകൾ ഉറക്കെ കരയുകയായിരുന്നു.

വിഷമമേറിയ വിഷയം കേൾക്കുന്നതുവരെ സംഘർഷം അവർ അടക്കിനിർത്തുകയായിരുന്നു, അവസാനം ദുഃഖം അണപൊട്ടി ഒഴുകുകയും സൗഖ്യമാകുവാൻ തുടങ്ങുകയും ചെയ്തു.

ആ ദിവസത്തെ എന്റെ പ്രസംഗം നടന്നപ്പോൾ സംഭവിച്ചതുപോലെ പോലെ ആയിരുന്നേക്കാം കൊലൊസ്യ സഭയിൽ പൗലൊസിന്റെ ലേഖനം വായിച്ചപ്പോൾ സംഭവിച്ചത്. ഒനേസിമോസ് തിഹിക്കോസിനോടുകൂടെയായിരുന്നു മടങ്ങി ചെന്നത്. ഫിലെമോനും ഓടിപ്പോയ ദാസനും തമ്മിൽ വലിയ പ്രശ്നമുണ്ടായിരുന്നതായി എല്ലാവരും അറിഞ്ഞിരുന്നു. അവർ ചിന്തിച്ചുകൊണ്ടിരുന്നത് എന്തായിരുന്നു? എന്താണ് സംഭവിക്കുവാൻ പോകുന്നത്? ആ സാഹചര്യത്തെ കുറിച്ചു പൗലൊസ് എന്തായിരിക്കും ചിന്തിച്ചിരിക്കുക? ലേഖനം വായിച്ചുകൊണ്ടിരുന്നപ്പോൾ സംഘർഷം നിലനിന്നു കാണും.

അവസാനം, നിശബ്ദത ഭേദിച്ചു; ഒനേസിമോസിന്റെ പേർ പറഞ്ഞു (വാ. 10). കടുപ്പമുള്ള തറയിൽ മൺപാത്രം വീണുടഞ്ഞതുപോലെ ആയിരിക്കും എന്നു എനിക്ക് തോന്നുന്നു. ചിലർക്ക് വീർപ്പ്മുട്ടൽ അനുഭവപ്പെട്ടിരിക്കും. ചിലർ കരഞ്ഞിരിക്കാം. എന്നിരുന്നാലും ഏറ്റവും മോശമായ രംഗം തീർന്നു. ഭയങ്കരമായ "രഹസ്യം" പരസ്യമായി സംസാരിക്കുകയും മുറിവ് ഭേദമാകൽ ആരംഭിക്കുകയും ചെയ്തു.

**നിന്റെ മനസോടെ ആകേണ്ടതിന്ന് (വാ. 14)**

താഴെ വിവരിക്കുന്ന സംഭവം വാസ്തവത്തിൽ നടന്നതാണോ അതോ ഉപമയാണോ എന്ന് എനിക്ക് അറിയില്ല. അതിനെ കുറിച്ച് പല പ്രസംഗങ്ങളിലും വിശദീകരിക്കുന്നത് ഞാൻ കേട്ടിട്ടുണ്ട്. ഒരു പുരുഷൻ ഒരു സ്ത്രീയെ പ്രേമിച്ചു വിവാഹം കഴിച്ച സംഭവമാണ്. അതിനുശേഷം "എപ്പോഴും സന്തോഷത്തിലായിരുന്നു." എങ്ങനെയായാലും, ദമ്പതിമാർ തങ്ങളുടെ മധുവിധു ആഘോഷമെല്ലാം കഴിഞ്ഞ്, പ്രഭാതഭക്ഷണത്തിനിരുന്ന് ഭർത്താവ് ഭാര്യയുടെ കയ്യിൽ ഒരു ലിസ്റ്റ് കൊടുത്തു. ലിസ്റ്റ് വായിച്ചപ്പോൾ, ആദ്യം അവൾക്ക് തമാശയായി തോന്നിയതുകൊണ്ട് അവൾ ചിരിക്കുകയായിരുന്നു-എന്നാൽ അവൾ ഭർത്താവിനെ നോക്കിയപ്പോൾ, അയാൾ ചിരിക്കാതെ ഗൗരവമായി ഇരിക്കുന്നതാണ് കണ്ടത്.

വീണ്ടും അവൾ ലിസ്റ്റ് നോക്കി വായിക്കുവാൻ തുടങ്ങി, അതിൽ അവൾ ഓരോന്നും എങ്ങനെയാണ് ചെയ്യേണ്ടത് എന്ന ലിസ്റ്റായിരുന്നു അത്! അതിൽ അയാളുടെ ഭാര്യ എന്ന നിലയിൽ അവൾ അയാൾക്ക് എപ്പോൾ ഭക്ഷണം നൽകണം, ഏതു തരത്തിലുള്ള ഭക്ഷണം ആയിരിക്കണം, അയാളുടെ വസ്ത്രങ്ങൾ എങ്ങനെ വൃത്തിയാക്കണം എന്നു തുടങ്ങി എല്ലാം അതിൽ വിശദമാക്കിയിരുന്നു. അയാൾ തണുത്ത, കാഠിന്യമുള്ള, ദയവും സഹതാപവും ഇല്ലാത്ത ഭർത്താവാണെന്ന് തെളിയിച്ചു. ആ സ്ത്രീയുടെ ഉള്ളം തകർന്നു എങ്കിലും അവൾ തന്റെ ഉടമ്പടി കാത്തുസൂക്ഷിപ്പാൻ ശ്രമിച്ചു. അവൾ സമർപ്പിക്കപ്പെട്ട രീതിയിൽ ആ ലിസ്റ്റനുസരിച്ച് വർഷങ്ങളോളം തന്റെ കടമകൾ ചെയ്തു.

കുറെ കഴിഞ്ഞപ്പോൾ ആ മനുഷ്യൻ മരിച്ചു പോയി. ഏതാനും വർഷങ്ങൾ കഴിഞ്ഞ് ആ സ്ത്രി മറ്റൊരു വിവാഹം കഴിച്ചു. ആ മനുഷ്യൻ സൗമ്യനും, ദയയുള്ളവനും, സ്വീകാര്യവാനും ആയിരുന്നു. അയാൾ എപ്പോഴും അവൾക്ക് ഏറ്റവും നല്ലതു നൽകുവാൻ ശ്രമിച്ചു. തന്റെ കണ്ണിൽ അവൾ ആദരിക്കപ്പെടു

കയും, അയാളുടെ കൈകളിൽ സുരക്ഷിതയാകും വിധത്തിൽ അവളെ സ്നേഹിക്കുകയും ചെയ്തു.

വിവാഹം കഴിഞ്ഞ് ഏതാനും വർഷങ്ങൾക്കു ശേഷം ഒരു ദിവസം, അവൾ ശേഖരിച്ചു വെച്ച എന്തോ തിരയുകയായിരുന്നു. പഴയ പെട്ടികളെല്ലാം തിരയുന്നതിനിടയിൽ എന്തോ ഒന്നു താഴെ വീണു-അത് അവളുടെ ആദ്യ ഭർത്താവിന്റെ ലിസ്റ്റായിരുന്നു! അവൾ അത് കണ്ടിട്ടു വർഷങ്ങളായിരുന്നു. അവൾ തന്റെ കയ്യിലിരുന്ന ലിസ്റ്റ് വായിച്ച് കഴിഞ്ഞകാലത്തിൽ അവൾ അനുഭവിച്ച വേദനാജനകമായ അനുഭവത്തെ ഓർത്ത് കരയുവാൻ തുടങ്ങി.

തന്റെ ദുഃഖകഥകൾ ഭർത്താവ് അറിഞ്ഞ് അയാളെ നിരാശപ്പെടുത്തേണ്ട എന്നു കരുതി കണ്ണുനീരെല്ലാം മായുന്നതുവരെ അവൾ അവിടെത്തന്നെ ഇരുന്നു. അവൾ ലിസ്റ്റിൽ നോക്കിയിരുന്നപ്പോൾ അതിൽ പറഞ്ഞ കാര്യങ്ങളെല്ലാം അവൾ തന്റെ പുതിയ ഭർത്താവിനു ചെയ്യുന്നതായി അനുഭവപ്പെട്ടു-അത് ചെയ്യുവാൻ അവൾക്ക് സന്തോഷമാണുണ്ടായത്! എന്തായിരുന്നു വ്യത്യാസം? അവളെ വേദനിപ്പിച്ചത് കഠിനാദ്ധ്വാന ക്ഷീണമായിരുന്നില്ല. അവൾ തന്റെ പുതിയ ഭർത്താവിനെ സ്നേഹത്തോടെയായിരുന്നു സേവിച്ചിരുന്നത്, ചെയ്തതെല്ലാം *ലിസ്റ്റ് കൂടാതെയായിരുന്നു*. നിർബ്ബന്ധിച്ചു ചെയ്യുന്നതും സ്വയമായി ചെയ്യുന്നതും തമ്മിലുള്ള വ്യത്യാസമായിരുന്നു അടിമത്വവും സ്നേഹവും തമ്മിലുണ്ടായിരുന്നത്.

**ലഭിക്കേണ്ടതിന്ന് ആയിരിക്കും (വാ. 15)**

ഏറ്റവും വലിയ മനശാസ്ത്രവിദഗ്ദ്ധരിൽ പ്രമുഖയായിരുന്നു എന്റെ അമ്മ. എന്റെ മുന്നു സഹോദരങ്ങളും ഞാനും ഒരുമിച്ചു കൂടുമ്പോൾ, ഞങ്ങളുടെ ചിന്തയെ രൂപപ്പെടുത്തുവാൻ അമ്മ നൽകിയ നിർദ്ദേശങ്ങൾ അത്ഭുതാവഹമാണ്. ഏതു പ്രതിസന്ധിയിലും ഒരനുഗ്രഹം കാണുവാൻ കഴിയണം എന്ന ചിന്തയാണ് അവർ ഞങ്ങൾക്ക് നൽകിയത്.

ഞങ്ങൾ കുട്ടികളായിരുന്നപ്പോൾ ഞങ്ങളുടെ വലിയപ്പനെയും വലിയമ്മയെയും കാണുവാൻ പോയത് ഞാൻ കഷ്ടിച്ച് ഓർക്കുന്നു. അവർ നല്ല ആളുകളായിരുന്നതുകൊണ്ട്, അവരുടെ വീട്ടിൽ നിന്നു ഞങ്ങൾ തിരിച്ച് വാഹനം ഓടിച്ചു പോയപ്പോഴെല്ലാം വളരെ വിഷമം നേരിട്ടിരുന്നു. അവരെ വിട്ടുപിരിയുമ്പോൾ കാണുവാൻ കഴിയുന്നതുവരെ ഞങ്ങളുടെ കണ്ണിൽനിന്നു കണ്ണുനീർ വരുമായിരുന്നു. അപ്പോൾ അമ്മ എപ്പോഴും പറയാറുള്ള വാക്ക് പറയും: “നിങ്ങൾ മറ്റൊരുവിധത്തിൽ ആകുവാൻ ശ്രമിക്കരുത്! വിട്ടുപോകുമ്പോൾ സങ്കടം ഉണ്ടാകാത്തത് ഭയങ്കരമല്ലേ? അതിനർത്ഥം നിങ്ങൾ വിട്ടുപോകുന്ന ആളുകൾ നിങ്ങൾക്ക് അതിശയമായി തീർന്നിട്ടില്ല എന്നർത്ഥം.” ഞങ്ങളുടെ ഉള്ളിലേക്ക് അമ്മയുടെ വാക്കുകൾ ഇറങ്ങിച്ചെല്ലണമെങ്കിൽ കുറെ സമയം വേണ്ടിവരുമെങ്കിലും അമ്മ എപ്പോഴും ശരിയായിരുന്നു.

ഫിലെമോൻ 15 ലെ പൗലൊസിന്റെ വാക്കുകൾ ഏകദേശം അതുപോലെയുള്ളതാണ്. ഒനേസിമോസിനു ചുറ്റും മൂടി നിന്ന കാർമേഘത്തിനടിയിൽ “ഒരു വെള്ളിരേഖ” കാണുവാൻ സാധിക്കുന്നതായി അവൻ തെളിയിച്ചു. അവൻ ഒളിച്ചോടിയില്ലായിരുന്നുവെങ്കിൽ അവനു ക്രിസ്ത്യാനിയാകുവാൻ കഴിയുമായിരുന്നില്ല. ഇപ്പോൾ അവൻ മടങ്ങി വരുന്നത് ദാസനേക്കാൾ വലിയവൻ ആയിട്ടാണ്; ക്രിസ്തീയ സഹോദരനായിട്ടാണ് അവൻ മടങ്ങി വന്നിരിക്കുന്നത്. “മറ്റൊരു വിധത്തിൽ നീ ഒനേസിമോസിനെ കാണരുത്!” എന്നായിരിക്കാം

പൗലൊസ് "ഫിലെമോനെ" ഓർമ്മിപ്പിച്ചത്.

**ദാസന്നു മീതെ (വാ. 16)**

ബ്രിട്ടീഷ് സാമ്രാജ്യത്തിൽ അടിമ സമ്പ്രദായം അവസാനിപ്പിക്കുവാൻ തന്റെ ആയുഷ്ക്കാലം മുഴുവൻ യത്നിച്ച ആളായിരുന്നു വില്യം വിതെർഫോഴ്സ് (1759-1833). ഇരുപത്തി-ഒന്നാം വയസിൽ തന്റെ രാഷ്ട്രീയ പ്രവർത്തനം ആരംഭിച്ചു, പാർലമെന്റിൽ ഏതാനും വർഷം അദ്ദേഹത്തിനു ഒന്നും ചെയ്യുവാൻ കഴിഞ്ഞില്ല. എങ്ങനെയായാലും, 1787 ഒക്ടോബർ 28 ൽ, അതിനു മാറ്റം വന്നു. അദ്ദേഹം എഴുതി, "അടിമക്കച്ചവടവും [ധാർമ്മിക] സ്വഭാവരൂപീകരണവും എന്ന രണ്ട് വിഷയങ്ങളാണ് സർവ്വശക്തനായ ദൈവം എന്റെ മുൻപിൽ വെച്ചിരിക്കുന്നത്." ആ രണ്ടു വലിയ ആദർശ നിറവേറലിനായിരുന്നു അദ്ദേഹത്തിന്റെ ശേഷിച്ച കാലമത്രയും ചെലവഴിച്ചത്.

അടിമക്കച്ചവടം നിർത്തലാക്കുവാൻ ഉള്ള അദ്ദേഹത്തിന്റെ ശ്രമത്തിൽ, വിൽബർഫോഴ്സ് നിരവധി സഖ്യങ്ങളും തന്ത്രങ്ങളും ആവിഷ്ക്കരിച്ചു. അതിലൊന്നായിരുന്നു പ്രസിദ്ധമായ പോട്ടർ ജോസിയാ വെഡ്ജ്വുഡ്. സംഭാഷണം ആരംഭിക്കുവാനായി ഒരു പ്രത്യേക മെഡലിയൻ ഉണ്ടാക്കുവാനായി പറഞ്ഞു. ആ പലകയുടെ മദ്ധ്യത്തിൽ ഒരു ആഫ്രിക്കൻ അടിമ ബാലൻ ചങ്ങലയാൽ ബന്ധിതനായി യാചിക്കുന്ന ചിത്രമായിരുന്നു. അടിമയുടെ താഴെ ഇങ്ങനെയെഴുതി: "ഞാൻ ഒരു മനുഷ്യനല്ലേ, ഒരു സഹോദരനല്ലേ?"

ആളുകൾ അടിമകളെ വസ്തുക്കളായി കാണുന്നത് നിർത്തി അവരെ മനുഷ്യരായി കുടുംബത്തിലെ അവയവങ്ങളായി കാണുമ്പോൾ അടിമത്വം തകരും എന്നായിരുന്നു വിൽബെർഫോഴ്സ് വിചാരിച്ചത്. അതുപോലെയായിരുന്നു പൗലൊസ് വിചാരിച്ചത്. അവൻ ഒനേസിമോസിനെ അവന്റെ യജമാനന്റെ അടുക്കലേക്ക് അയച്ചപ്പോൾ, ഒരു ലേഖനത്തോടുകൂടിയാണ് അവനെ അയച്ചത്. ആ ലേഖനത്തിൽ അവൻ എഴുതിയത് "അവനെ തിരിച്ചയക്കുന്നത് ദാസൻ ആയിട്ടല്ല ദാസനുമീതെയുള്ളവൻ; പ്രിയ സഹോദരനായിട്ടാണ്." (വാ. 16). ഒനേസിമോസിനെ ക്രിസ്തീയ കുടുംബത്തിലെ ഒരു സഹോദരനായി കാണുവാൻ കഴിയുന്നതുമുതൽ പൗലൊസിന്റെ സംഘർഷം ഒഴിവാകും.

പൗലൊസിന്റെ വെല്ലുവിളിയെ ഫിലെമോൻ എങ്ങനെയാണ് നേരിട്ടത്? നമുക്ക് അറിയില്ല. ഫിലെമോന്റെ ലേഖനം കണ്ടെത്തുകയും അതിനു പുതിയ നിയമത്തിൽ സ്ഥാനം ലഭിക്കുകയും ചെയ്തതിനാൽ, പൗലൊസ് ആഗ്രഹിച്ചതുപോലെ തന്നെ ദാസനും-യജമാനനും തമ്മിൽ നല്ല രീതിയിൽ പ്രതികരിച്ചിരിക്കുമെന്ന് നമുക്ക് പ്രത്യാശിക്കാം.

വിൽബെർഫോഴ്സിന്റെ അടിമത്വം അവസാനിപ്പിക്കുവാനുള്ള ആയുഷ്ക്കാല കുരിശുയുദ്ധം അവസാനം വിജയിച്ചു. നാൽപത്തി-ആറു വർഷങ്ങൾക്ക് ശേഷം, 1833 ജൂലൈ മാസം 26 ന് ബ്രിട്ടീഷ് സാമ്രാജ്യത്തിൽ, അടിമത്വ കച്ചവടം അവസാനിപ്പിക്കുവാൻ ബ്രിട്ടീഷ് ഹൗസ് ഓഫ് കോമൺസ് പാർലമെന്റിൽ ബിൽ പാസാക്കി. അടിമകളെ "മനുഷ്യർ" ആയും "സഹോദരന്മാരായും" കാണുമെന്ന അറിവ് ലഭിച്ച് മൂന്നു ദിവസങ്ങൾക്കു ശേഷം വിൽബെർഫോഴ്സ് മരിച്ചുപോയി.

**"അവനെ എന്നെ പോലെ ചേർത്തുകൊൾക" (വാ. 17)**

1828 നും 1910 നും ഇടക്ക് ജീവിച്ചിരുന്ന റഷ്യൻ എഴുത്തുകാരനായിരുന്ന

ടോൾസ്റ്റോയി “എവിടെ സ്നേഹമുണ്ടോ, അവിടെ ദൈവം ഉണ്ട്” എന്ന പേരിൽ ഒരു ചെറു കഥ രചിച്ചിരുന്നു. അതിൽ, മാർട്ടിൻ എന്ന ഒരു സാധു ചെരുപ്പ്കുത്തി താഴത്തുള്ള ഒരു ഇടുങ്ങിയ മുറിയിൽ താമസിച്ച് ജോലി ചെയ്തിരുന്നതായി പറയുന്നു. ആ മുറിയുടെ ഒരു ജനലിൽ കൂടെ നോക്കിയാൽ റോഡിൽകൂടെ നടന്നുപോകുന്നവരുടെ കാൽഭാഗം മാത്രം കാണത്തക്ക ഉയരമേ അതിനുണ്ടായിരുന്നുള്ളു.

ഒരു രാത്രിയിൽ അവൻ ഉറങ്ങി കിടന്നപ്പോൾ, മാർട്ടിൻ, മാർട്ടിൻ എന്നു വിളിച്ച് “നാളെ റോഡിലേക്ക് നോക്കുക, ഞാൻ വരും” എന്നു പറഞ്ഞത് കർത്താവാണെന്ന് അവനു ബോധ്യമായി. ആകയാൽ, അടുത്ത ദിവസം കർത്താവ് അവിടെ എത്തുമെന്ന പ്രതീക്ഷയിൽ അവൻ ആകാംക്ഷയോടെ നോക്കിയിരുന്നു. എങ്ങനെയായാലും, പ്രഭാതം പൊട്ടിവിടർന്നു പകൽ ആയി, സാധാരണ സംഭവങ്ങൾ ആയിരുന്നു നടന്നുകൊണ്ടിരുന്നത്.

മാർട്ടിൻ പുറത്തേക്ക് നോക്കിയപ്പോൾ വയസായ സ്റ്റെപാനിക് എന്ന ഒരു പടയാളി റോഡിലെ മഞ്ഞ് നീക്കിക്കൊണ്ടിരിക്കുന്നതു കണ്ടപ്പോൾ അയാളോട് അനുകമ്പ തോന്നി, അയാളെ അവന്റെ ചായക്കടയിലേക്ക് ഒരു ചൂടുള്ള ചായ കുടിപ്പാനായി ക്ഷണിച്ചു. പിന്നെ അവൻ ഒരു കുട്ടിയുടെ കരച്ചിൽ കേട്ട് പുറത്തു ചെന്നപ്പോൾ അമ്മയും കുഞ്ഞും വിശന്നിരിക്കുന്നതായി കണ്ടു. കുഞ്ഞിനെ മാർട്ടിൻ കയ്യിലെടുത്തിട്ട് അമ്മക്ക് അപ്പവും സൂപ്പും നൽകി വിശപ്പടക്കി. അവർക്ക് ശൈത്യത്തെ അതിജീവിക്കുവാൻ കോട്ടില്ല എന്നു കണ്ടപ്പോൾ, അവൻ തന്റെ ഒരു പഴയ പുതപ്പ് എടുത്ത് അവർക്ക് കൊടുത്തു.

ആ സ്ത്രീയും കുഞ്ഞും പോയി കുറച്ചു കഴിഞ്ഞപ്പോൾ, റോഡിൽ ബഹളം നടക്കുന്ന ശബ്ദം എന്തെന്നറിയുവാൻ മാർട്ടിൻ പുറത്തു കടന്നു നോക്കി. ഒരു പ്രായമായ സ്ത്രീ ഒരു കുട്ടയിൽ ആപ്പിൾ വെച്ചു വിൽക്കുകയാണ്, ഒരു വികൃതി ചെറുക്കൻ ഒരു ആപ്പിൾ എടുത്ത് ഓടുവാൻ ശ്രമമിച്ചപ്പോൾ അവൾ അവന്റെ മുടിയിൽ കടന്നു പിടിച്ച് ശകാരിക്കുകയാണ്. മാർട്ടിൻ ചെന്ന് സമാധാനം ഉണ്ടാക്കുവാൻ ആപ്പിളിന്റെ വില കൊടുക്കാമെന്ന് അവൻ പറഞ്ഞു അവസാനം അവർക്കിടയിൽ സമാധാനം പുനഃസ്ഥാപിച്ചു. അവർ അങ്ങനെ അവളുടെ ആപ്പിളുമായി തിരിച്ചുപോയി.

അന്നു വൈകുന്നേരം, മാർട്ടിൻ തന്റെ ബൈബിൾ എടുത്തു വായിക്കുവാൻ ആരംഭിച്ചു. അപ്പോൾ അവൻ ഒരു ശബ്ദം കേട്ടു. “മാർട്ടിനേ, മാർട്ടിനേ, നീ എന്നെ അറിയുകയില്ലേ?” മാർട്ടിൻ ചോദിച്ചു, “ആരാണ്?” ആ പരിചയമുള്ള ശബ്ദം പറഞ്ഞു, “ഇതു ഞാനാണ്.” മാർട്ടിൻ പുറത്തേക്ക് നോക്കിയപ്പോൾ ആ വയസനായ സ്റ്റെപാനിക് നടന്ന് അപ്രത്യക്ഷനാകുന്നതാണ് കണ്ടത്. പിന്നെ “ഇത് ഞാനാണ്” എന്ന മറ്റൊരു ശബ്ദം കേട്ടു, നോക്കിയപ്പോൾ ആ അമ്മയും കുഞ്ഞുമായിരുന്നു; അവരും അപ്രത്യക്ഷമായി. “ഇത് ഞാൻ ആകുന്നു” എന്ന മൂന്നാമത്തെ ശബ്ദം കേട്ടു, ഇപ്പോൾ ആ ആപ്പിൾ വിറ്റുകൊണ്ടിരുന്ന പ്രായമായ സ്ത്രീ ആയിരുന്നു; അവരും അപ്രത്യക്ഷമായി.

അവസാനം ആ ദിവസം താൻ കർത്താവിനെ കണ്ടു എന്നു മാർട്ടിൻ തിരിച്ചറിഞ്ഞു. യേശുവിന്റെ ഈ വാക്കുകൾ അവൻ തന്റെ ബൈബിളിൽ വായിച്ചത് അവനു ഓർമ്മ വന്നു: “എനിക്ക് വിശന്നു, നീ എനിക്ക് ഭക്ഷിപ്പാൻ തന്നു; എനിക്കു ദാഹിച്ചു, നീ കുടിപ്പാൻ തന്നു; ഞാൻ അതിഥിയായിരുന്നു, നിങ്ങൾ എന്നെ ചേർത്തുകൊണ്ടു” (മത്താ. 25:35; കെജെവി). പിന്നെ ആ പേജിന്റെ അവസാനം അവൻ വായിച്ചു, “ഈ ചെറിയ സഹോദരന്മാരിൽ ഒരുത്തന്നു

നിങ്ങൾ ചെയ്തത് എനിക്ക് ചെയ്തതാകുന്നു" (മത്താ. 25:40; കെജെവി).

ടോൾസ്റ്റോയി അവസാനം തീർപ്പാക്കി, "സ്വപ്നം യാഥാർത്ഥ്യമായതായി മാർട്ടിൻ മനസിലാക്കി; അങ്ങനെ രക്ഷകൻ ആ ദിവസം തന്റെ അടുക്കൽ വന്നിരുന്നതായി മാർട്ടിൻ തിരിച്ചറിഞ്ഞു, അവൻ അവനെ സ്വാഗതം ചെയ്യു കയും ചെയ്തു."

---

കുറിപ്പുകൾ

[1]വാൾട്ടർ ബാവർ, *ഏ ഗ്രീക്ക്-ഇംഗ്ലീഷ് ലെക്സിക്കൻ ഓഫ് ദ ന്യു ടെസ്റ്റമെന്റ് ആന്റ് അദർ ക്രിസ്ത്യൻ ലിറ്ററേച്ചർ,* 3ഡ് എഡി., റെവ. ആന്റ് എഡി. ഫ്രെഡറിക് വില്യം ഡാങ്കർ (ഷിക്കാഗോ: യൂണിവേഴ്സിറ്റി ഓഫ് ഷിക്കാഗോ പ്രസ്, 2000), 383. [2]മാർക്കസ് ബാർത്തും ഹെൽമട്ട് ബ്ലാങ്കും, *ദ ലെറ്റർ ടു ഫിലെമോൻ, ഏ ന്യു ട്രാൻസ്ലേഷൻ വിത്ത് നോട്ട്സ് ആന്റ് കമെന്ററി,* ദ ഏർഡ്മാൻസ് ക്രിട്ടിക്കൽ കമെന്ററി (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ഡബ്ലിയുഎം. ബി. ഏർഡ്മാൻസ് പബ്ലിഷിങ് കമ്പനി., 2000), 315. [3]ഇത് വ്യഭിചാരകുറ്റത്തിൽ പിടിക്കപ്പെട്ട സ്ത്രീയെ യേശുവിന്റെ അടുക്കൽ കൊണ്ടുവന്നപ്പോൾ യേശു നിശബ്ദനായി നിലത്ത് എഴുതിക്കൊണ്ടിരുന്നതുമായി താരതമ്യം ചെയ്യുക (യോഹ. 8:1-11). [4]ബാർത്ത് ആന്റ് ബ്ലാങ്ക്, 324. [5]ഇത് ഫിലിപ്പിയർ 4:2-ൽ രണ്ട് പ്രാവശ്യം ഉപയോഗിച്ചിരിക്കുന്നു. [6]ജോസെഫ് ഏ.ഫിറ്റ്സ്മയർ, *ദ ലെറ്റർ ടു ഫിലെമോൻ*, ആങ്കർ ബൈബിൾ, വാല്യം. 34സി (ന്യുയോർക്ക്: ഡബിൾഡേ, 2000), 28. [7]ജെയിംസ് ഡി. ജി. ഡൻ, *ദ എപ്പിസ്റ്റിൽസ് ടു ദ കൊലൊഷ്യൻസ്, ആന്റ് ടുഫിലെമോൻ*: ഏ കമെന്ററി ഓൺ ദ ഗ്രീക്ക് ടെക്സ്റ്റ്, ദ ന്യു ഇന്റർനാഷ്ണൽ ഗ്രീക്ക് ടെസ്റ്റമെന്റ് കമെന്ററി (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ഡബ്ലിയുഎം. ബി. ഏർഡ്മാൻസ് പബ്ലിഷിങ് കമ്പനി., 1996), 304-5. [8]ബാർത്ത് ആന്റ് ബ്ലാങ്ക്, 30. [9]ബാവർ, 992. [10]ജെ രോം, ക്വോട്ടഡ് ഇൻ പീറ്റർഗോർഡേ ആന്റ് തോമസ് സി. ഓഡേൻ. എഡിസ്., കൊലൊ. 1-2 തെസ്സലൊനീക്യർ, 1-2 തിമൊഥെയൊസ്, തീത്തോസ്, ഫിലെമോൻ, ഏൻഷ്യന്റ് കമെന്ററി ഓൺ സ്ക്രിപ്ച്ചർ (ഡൗണേഴ്സ് ഗ്രോവ് Ill.: ഇന്റർ വാഴ്സിറ്റി പ്രസ്, 2000), 316.

[11]ഡൻ പറഞ്ഞത് ഇവിടെ "എങ്കിൽ" ആണെങ്കിൽ (*എയി ... ടി*) അർ "എന്താ യാലും" (ഡൻ, 338). [12]ബാവർ, 319. [13]ഇബിഡ്., 124.